മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 04 No. 48 | THE ONLINE OFFICIAL NEWS BULLETTIN | 2021 October 30

SEASON OF ANNUNCIATION | അറിയിപ്പുകാലം | ܥܕܢܐ ܕܣܘܒܪܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
31  ♪1 **Qudosh Idto** (Sanctification of the Church) Beginning of the Liturgical Year All Saints Dav	1 ♪5	2  ♪1 119th Commemoration of St. Gregorios ✠ (Parumala Seminary) 114th Memorial of Kadavil Paulose Mar Athanasios Metropolitan ✠ (Aluva Thrikkunathu Seminary)	3 ♪5	4 ♪1	5  ♪5 14th Mem. of Stephanos Mar Theodosios ✠ (Bhilai St. Thomas Ashramam)	6  ♪1 55th Mem. of Vayaliparambil Geevarghese Mar Gregorios ✠ (Aluva Thrikkunathu Seminary)



പരിശുദ്ധ കാതോലിക്കാ ബാവായ്ക്ക് കോട്ടയം പൗരാവലിയുടെ ആദരവ്. മന്ത്രി വി. എൻ. വാസവൻ ഉദ്ഘാടനം നിർവഹിക്കുന്നു.



പരിശുദ്ധ കാതോലിക്കാ ബാവാ പിറവം പള്ളിയിൽ.



പരിശുദ്ധ കാതോലിക്കാ ബാവാ തൊഴിയൂർ സഭാ ആസ്ഥാനത്ത്.



പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ, കൊല്ലം അരമനയിൽ എത്തിയപ്പോൾ മെത്രാപ്പോലീത്താമാരായ സഖറിയ മാർ അന്തോണിയോസ്, അലക്സിയോസ് മാർ യൗസേബിയോസ്, സി.എസ്.ഐ. കൊല്ലം ബിഷപ്പ് ഡോ. ഉമ്മൻ ജോർജ്, കൊല്ലം എം പി പ്രേമചന്ദ്രൻ എന്നിവർ ചേർന്ന് സ്വീകരിക്കുന്നു.



ഡോ. ഗീവർഗീസ് മാർ യൂലിയോസ് പാണക്കാട് എത്തി ഹൈദരലി ശിഹാബ് തങ്ങളെ സന്ദർശിച്ചു. തങ്ങളുടെ അസുഖം എത്രയും പെട്ടന്ന് ഭേദമായി സമൂഹത്തിന്റെ നന്മക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് മുന്നിൽ നിന്ന് നയിക്കാൻ സാധിക്കട്ടെ എന്ന് തീരുമേനി ആശംസിച്ചു.




പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവയ്ക്ക് ചെങ്ങന്നൂർ ഭദ്രാസനം നൽകിയ വരവേൽപ്പ്.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ആരാധനാ കലണ്ടർ

പുതിയ ആരാധനാവർഷം അനുഗ്രഹിക്കപ്പെട്ടതായിരിക്കട്ടെ

ഡോ. ഗീവർഗീസ് മാർ യൂലിയോസ്



കർത്താവിൽ അനുഗ്രഹിക്കപ്പെട്ടവരെ,

2021 ഒക്ടോബർ 31 ഞായറാഴ്ച പ. സഭ കൂദോസ്സ് ഈത്തോ പെരുന്നാൾ ആഘോഷിച്ച് ആരാധനാ ജീവിതത്തിലെ പുതിയ വർഷത്തിലേക്ക് പ്രവേശിക്കുകയാണല്ലോ. അനുഗ്രഹിക്കപ്പെട്ട ഒരു ആരാധനാവർഷം ലഭ്യമാകട്ടെ എന്ന് നമുക്ക് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം.

പ്രപഞ്ച സൃഷ്ടിയുടെ ആരംഭത്തെ കുറിക്കുന്നതും നമ്മുടെ കർത്താവിന്റെ പുനരുത്ഥാനത്തെ കുറിക്കുന്നതും പ. റൂഹായുടെ ആവാസദിനമായ പെന്തിക്കുസ്തി പെരുന്നാളിനെ സൂചിപ്പിക്കുന്നതുമായ വി. ഞായറാഴ്ച (കൂദോസ്സ്-ഈത്തോ) ദിവസമാണല്ലോ എല്ലാ വർഷവും പ. സഭയുടെ ആരാധനാവർഷം ആരംഭിക്കുന്നത്. “തന്റെ കരുണയാൽ പ്രപഞ്ചത്തെ മെനഞ്ഞ ഏക പിതാവും, തന്റെ കഷ്ടാനുഭവങ്ങളാൽ അതിനെ വീണ്ടെടുത്ത ഏക പുത്രനും, തന്റെ സംബന്ധത്താലും സഹവാസത്താലും സകലത്തേയും പൂർത്തീകരിച്ച് നിലനിർത്തുന്ന ജീവനുള്ള പരിശുദ്ധ റൂഹായുമായ സത്യ ഏക ദൈവ”ത്തെയാണ് പ. സഭ ആരാധിക്കുന്നത്. അവന്റെ കൃപയിലാണ് സർവ്വവും ചരിക്കുന്നത് എന്ന് ആവർത്തിച്ച് ഓർക്കുവാനുള്ള ഉപാധിയാണ് ആരാധനാവർഷ ധ്യാനം.


ആരാധനാവർഷത്തെ അധികരിച്ചുള്ള ജീവിതചര്യയുടെ ആചാര്യനായ മഹത് വ്യക്തിയാണ് പ. പരുമല തിരുമേനി. അദ്ദേഹത്തിന്റെ ദേഹവിയോഗം 1902 നവംബർ 2 കൂദോസ്സ്-ഈത്തോ ഞായറാഴ്ചയുടെ ആരംഭത്തിലായിരുന്നു എന്ന് അറിയാമല്ലോ. നോമ്പ്, നമസ്കാരം, ദാന-ധർമ്മാധികളിൽ അടിസ്ഥാനമിട്ട ത്യാഗജീവിതം എന്നിവകൊണ്ട് അദ്ദേഹം പ. സഭയെ ശുദ്ധീകരിക്കുകയും പോഷിപ്പിക്കുകയും ചെയ്തുവെന്നും നാം കാണുന്നു. ആരാധനാവർഷത്തിന്റെ ആരംഭ ആഴ്ചയിൽ തന്റെ ഈ വിശുദ്ധന്റെ പെരുന്നാൾ ആഘോഷിക്കുവാൻ കഴിയുന്നത് മലങ്കരസഭയെ സംബന്ധിച്ച് വലിയ ഭാഗ്യമായി നാം മനസ്സിലാക്കണം.

ഈ വർഷത്തെ പ്രത്യേക സാഹചര്യത്തിൽ അദ്ദേഹത്തിന്റെ കബറിടത്തിലേക്ക് തീർത്ഥാടനം നടത്തി അവിടുത്തെ വിശുദ്ധിയിൽ നിന്നും ശുദ്ധീകരണം പ്രാപിക്കുവാൻ നമുക്ക് സാധിക്കുന്നില്ല. എന്നാൽ ആത്മഭാവത്തിൽ അവിടെയെത്തുവാനും വി. കുമ്പസാരമെന്ന കൂദാശയിലൂടെ അഴുക്കുകൾ കഴുകി കളഞ്ഞ് വി. പൗരോഹിത്യത്തിൽ നിന്നും പാപമോചനം പ്രാപിച്ച് വി. കുർബ്ബാന അനുഭവിക്കുമ്പോഴാണ് ക്രൈസ്തവ ജീവിതത്തിൽ ശുദ്ധീകരണത്തിന്റെയും പുതുക്കത്തിന്റെയും അനുഭവത്തിൽ നാം എത്തുന്നത് എന്ന് ഓർക്കണം.

“ഞാൻ വിശുദ്ധനായിരിക്കുന്നതുപോലെ നിങ്ങളും വിശുദ്ധരായിരിപ്പിൻ” എന്ന് നമ്മുടെ സ്രഷ്ടാവായ പിതാവാം ദൈവം നമ്മോട് കൽപിക്കുന്നു. വിശുദ്ധിയിൽ വളരുവാനുള്ള ഈ ആഹ്വാനമാണ് ആരാധനാവർഷത്തിന്റെ ആരംഭദിനമായ ശുദ്ധീകരണപെരുന്നാളിൽ വി. സഭ തന്റെ മക്കളോട് ആഹ്വാനം ചെയ്യുന്നത്.

വിശുദ്ധിയുടെ നിറവും പൂർത്തീകരണവുമാണല്ലോ മനുഷ്യാവതാരം ചെയ്ത ദൈവപുത്രനിൽ കാണുന്നത്. വിശുദ്ധിയിൽ വളരുവാനുള്ള പ്രായോഗിക മാർഗ്ഗങ്ങൾ ആയിരുന്നു അദ്ദേഹത്തിന്റെ പഠിപ്പിക്കലുകളും ജീവിതവും എന്ന് അറിയാമല്ലോ. അതിന്റെ രത്നചുരുക്കമായി അവൻ കൽപിക്കുന്ന വാക്യം ഏറെ ശ്രദ്ധയമാണ്. ‘എന്റെ പിതാവ് സൽഗുണ സമ്പൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും സൽഗുണ സമ്പൂർണ്ണരാകുവിൻ.’ വിശുദ്ധിയെന്നാൽ നന്മയിൽ അഥവാ സൽഗുണ സമ്പൂർണ്ണതയിൽ നിറയുന്ന അനുഭവമാണ് എന്ന് മനസ്സിലാക്കാം.

സ്വയം അവകാശപ്പെടുന്നതുകൊണ്ട് നാം വിശുദ്ധരാവുകയില്ല, മറിച്ച് ക്രൂശോളം സഹിച്ച് മരണവേളയിലും ശത്രുക്കളോട് ക്ഷമിക്കണമേ എന്ന് പിതാവിനോട് പ്രാർത്ഥിക്കുവാൻ കഴിയുന്ന അനുഭവമാണ് ശുദ്ധീകരണം എന്നതുകൊണ്ട് അർത്ഥമാകുന്നത്. ബാഹ്യമായ പ്രകടനങ്ങളൊ പുകഴ്ചകളോ വിശുദ്ധ ജീവിതത്തെ വളർത്തുവാൻ ഉപകരിക്കുന്നില്ല എന്നും കർത്താവ് പഠിപ്പിക്കുന്നത് ഓർക്കണം. സ്വയം നീതികരിക്കുവാൻ ശ്രമിക്കുന്നവർ എല്ലാം ക്രിസ്തുവിന്റെ മുന്നിൽ ഏറെ നിരാശപ്പെട്ട് തിരിച്ചുപോയിട്ടുണ്ടല്ലോ. നിനക്കുള്ളത് വിറ്റ് ദരിദ്രർക്കു കൊടുക്കുമ്പോഴാണ് നിന്റെ പദയാത്രയും തീർത്ഥാടനവും വിശുദ്ധിയുള്ളതായിതീരുന്നതും ക്രിസ്തു നിന്നിൽ വസിക്കുകയും അങ്ങിനെ നീ വിശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നത് എന്ന് ഓർക്കണം.



മലങ്കരസഭ സർവ്വ പ്രതിസന്ധികളെയും അതിജീവിച്ചുകൊണ്ട് ദൈവകൃപയിൽ മാത്രം പൂർണ്ണമായും ശരണപ്പെട്ടുകൊണ്ട് മുന്നോട്ടും പോകുന്ന കാലമാകുന്നുവല്ലോ. പ. മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ വാണരുളുന്ന നമ്മുടെ പിതാവ് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ ആ മഹനീയസ്ഥാനത്ത് ശോഭിക്കുവാൻ പ്രാർത്ഥിക്കാം. സഭയ്ക്ക് ദൈവകൃപയാൽ ആ പ. പിതാവിനെ ലഭിച്ചതിൽ നമുക്ക് ദൈവത്തെ സ്തുതിക്കാം. പ. പിതാവിന് ആയുസ്സും ആരോഗ്യവും ബലവും ആത്മധൈര്യവും ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കാം. മലങ്കരസഭയുടെ മാധ്യമ വിഭാഗത്തിന്റെ സർവ്വ പ്രാർത്ഥനയും ആശംസകളും നേരുന്നു.

അർത്ഥവത്തായ ഒരു ആരാധനാജീവിതം നയിക്കുവാൻ പുതിയ ആരാധനാവർഷത്തിൽ ദൈവകൃപ സഹായിക്കട്ടെ.

ദൈവം അനുഗ്രഹിക്കട്ടെ.

❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

സഭാപിതാക്കന്മാർ

പൊതു സമൂഹത്തിനായി ഉണർന്നിരുന്ന പരുമല തിരുമേനി

ജോഷി കുര്യൻ
(ഏഷ്യാനെറ്റ് ന്യൂസ്, പ്രിൻസിപ്പൽ കറസ്പോണ്ടന്റ്)



നല്ല മനുഷ്യനേ വിശുദ്ധനാകാൻ പറ്റൂ. വിശുദ്ധതയിലേക്കുള്ള പ്രധാന പടി നല്ല മനുഷ്യനാകുക എന്നതാണ്. വിശുദ്ധതയ്ക്കുമപ്പുറത്ത് പരുമലത്തിരുമേനിയെന്ന മനുഷ്യനെ പരിചയപ്പെടുത്താനാണ് ഞാൻ ശ്രമിക്കുന്നത്.

പരുമലപ്പള്ളിയുടെ ഈ അകത്തളത്തിൽ വലിയൊരു അമ്പരപ്പോടെയാണ് ഞാൻ നിൽക്കുന്നത്. അതിനൊരു കാരണവുമുണ്ട്. എന്റെ മൂന്നോ, നാലോ വയസു മുതൽ ഞാൻ ഇവിടെ വരുന്നതാണ്. എന്റെ അമ്മ പരുമല തിരുമേനിയുടെ കടുത്ത വിശ്വാസിയായിരുന്നു. കോട്ടയം പുതുപ്പള്ളിയ്ക്കടുത്ത് ഞാലിയാകുഴിയിലാണ് എന്റെ മാതാപിതാക്കളുടെ വീടുകളെങ്കിലും ഞങ്ങൾ താമസിച്ചത് കട്ടപ്പന കാൽവരി മൗണ്ടിലാണ്. എന്റെ പിതാവിന്റെ ജോലി ആവശ്യാർഥം അവിടെ പോയി താമസിച്ചതാണ്.

കാൽവരി മൗണ്ടിലെ എന്റെ കുട്ടിക്കാലം തണുത്ത ഓർമയാണ്. എപ്പോഴും മഴ പെയ്തിറങ്ങുന്ന മലമ്പ്രദേശം. മഞ്ഞ് പുതച്ചുനിൽക്കും. മഴക്കാലമായാൽപ്പിന്നെ തോരാ മഴയാണ്. തുലാവർഷമെത്തിയാൽ ചൂളക്കാറ്റ് ആഞ്ഞു വീശും. വീടിനുചുറ്റുമുളള മരങ്ങൾ കടപുഴകിവീഴുമോയെന്ന് ഭയം തോന്നും. ഇത്തരം ഘട്ടങ്ങളിലൊക്കെ എന്റെ അമ്മ പരുമല തിരുമേനിയെ വിളിച്ച് പ്രാർഥിക്കുന്നത് കണ്ടിട്ടുണ്ട്.

എന്റെ കാര്യത്തിൽ അമ്മയ്ക്ക് എന്നും വലിയ ആശങ്കയായിരുന്നു. പഠനത്തിൽ പിന്നോക്കം പോകുമ്പോൾ അമ്മ പരുമല തിരുമേനിക്ക് നേർച്ചകൾ നേരും. അന്നൊക്കെ ഒന്നോ രണ്ടോ വർഷം കൂടുമ്പോഴാണ് അമ്മ പുതുപ്പള്ളിയിലുള്ള ബന്ധുക്കളെ കാണാൻ പോകുന്നത്. ആ സമയത്താണ് എന്നെയും പരുമലപ്പള്ളിയിലേക്ക് കൂട്ടുക. അങ്ങനെ പലതവണ ഞാൻ ഈ പള്ളിയിലും കബറിടത്തിലും ഒക്കെ വന്നു പോയിട്ടുണ്ട്.

പതിനഞ്ച് വർഷം മുന്പാണ് അപ്രതീക്ഷിതമായി എന്റെ അമ്മ ക്യാൻസർ ബാധിതയായത്. കരളിലും പാൻക്രിയാസിലുമായിരുന്നു രോഗബാധ. അറിയാൻ വൈകി. കോട്ടയം മെഡിക്കൽ കോളജാശുപത്രിയിൽ മണിക്കൂറുകൾ എണ്ണിക്കഴിയുമ്പോഴും അമ്മയ്ക്ക് സ്വന്തം ആരോഗ്യത്തെക്കുറിച്ചിയാരുന്നില്ല ചിന്ത. തന്റെ മകന്റെ ഭാവിയേക്കുറിച്ചായിരുന്നു ആശങ്ക മുഴുവൻ. മരണത്തിന് മുന്പുള്ള മണിക്കൂറുകളിലും പരുമലത്തിരുമേനിയെ വിളിച്ച് അമ്മ പ്രാർഥിച്ചിരുന്നു. 2005 സെപ്റ്റംബർ 28-ന് അമ്മ മരിച്ചു. പക്ഷേ ഞാനിപ്പോൾ കരുതുന്നു അന്നത്തെ എന്റെ അമ്മയുടെ പ്രാർഥനയുടേയും നേർച്ചകാഴ്ചകളുടെ ഫലമാണ് ഇപ്പോൾ കിട്ടിയിരിക്കുന്നത്. പരുമലപ്പള്ളിയിൽ കൊച്ചു തിരുമേനിയുടെ തിരുനാളിനോടനുബന്ധിച്ച് ഗ്രീഗോറിയൻ പ്രഭാഷണത്തിൽ പങ്കെടുക്കാൻ കഴിഞ്ഞത് ആ പ്രാർഥനകളുടെ ഫലമാണെന്ന് വിശ്വസിക്കുന്നു.

പരുമല തിരുമേനിയെന്ന വിശുദ്ധനെക്കുറിച്ച് നമുക്കെല്ലാം അറിയാം. നല്ല മനുഷ്യനേ വിശുദ്ധനാകാൻ പറ്റൂ. വിശുദ്ധതയിലേക്കുള്ള പ്രധാന പടി നല്ല മനുഷ്യനാകുക എന്നതാണ്. വിശുദ്ധതയ്ക്കുമപ്പുറത്ത് പരുമലത്തിരുമേനിയെന്ന മനുഷ്യനെ പരിചയപ്പെടുത്താനാണ് ഞാൻ ഈ ഘട്ടത്തിൽ ശ്രമിക്കുന്നത്.

1848 മുതൽ 1902 വരെ നീളുന്ന അൻപത്തിനാല് വർഷത്തെ ജീവിതമാണ് പരുമല തിരുമേനിയുടേത്. അജപാലകനും മനുഷ്യസ്നേഹിയുമായ സാമൂഹ്യ പരിഷ്കർത്താവായിരുന്നു പരുമലത്തിരുമേനിയെന്ന് എത്ര പേർക്കറിയാം? അധ്യാത്മിക ചുമതലകൾക്കുമപ്പുറത്ത് മലയാളത്തിന്റെ ഭാഷാ വിഹായസിൽ എഴുതപ്പെടാതെ പോയ സാഹിത്യകാരൻ എന്ന് ആർക്കോർമയുണ്ട്?

പരുമല തിരുമേനിയുടെ ജീവിതത്തിന് മൂന്നു കാലഘട്ടമുണ്ട്. 1848ൽ തുടങ്ങിയ ആദ്യ കാലഘട്ടം. മുളന്തുരുത്തിയും വെട്ടിക്കൽ ദയറമയടങ്ങുന്ന ആ കാലഘട്ടമാണ് അദ്ദേഹത്തെ ആധ്യാത്മികതയിലേക്ക് അടുപ്പിച്ചത്. 1877 മുതൽ 1895 വരെയുള്ള കാലഘട്ടമാണ് രണ്ടാമത്തേത്. പരുമലത്തിരുമേനിയെന്ന വിശുദ്ധൻ രൂപപ്പെടുന്നത് ഈ സമയത്താണ്. ആധ്യാത്മികതയിലൂന്നിയ പ്രവർത്തനമായിരുന്നു ഈ വർഷങ്ങളിൽ പരുമലയിലും നിരണത്തുമായി അദ്ദേഹം നടത്തിയത്.

1895 മുതൽ 1902 വരെയുള്ള മൂന്നാമത്തെ കാലഘട്ടമാണ് അതീവ കൗതുകത്തോടെ ഞാൻ നോക്കിക്കാണുന്നത്. ആധ്യാത്മിക തലത്തിനുമപ്പുറത്ത് മനുഷ്യസ്നേഹിയായ പരുമലത്തിരുമേനി ഉയിർക്കുന്നത് ഈ കാലഘട്ടത്തിലാണ്. പ്രത്യേകിച്ചും 1895-ലെ ഊർശ്ലേം യാത്ര കഴിഞ്ഞ് മടങ്ങി എത്തിയശേഷമുള്ള കാലഘട്ടം.

ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ നടത്തുക, വൃദ്ധനായാലും അവൻ

ഈ വഴി വിട്ടുമാറുകയില്ല എന്നാണ് വേദ പുസ്കതത്തിൽ പറയുന്നത്. ആ വചനത്തെ സാക്ഷ്യപ്പെടുത്തുന്ന ജീവിതമായിരുന്നു പരുമലത്തിരുമേനിയുടേത്. ബാലനായിരുന്ന അദ്ദേഹത്തെ കുടുംബാംഗങ്ങളും ബന്ധുക്കളും കൈപിടിച്ചു നടത്തിയ ആ വഴിത്താരയാണ് വിശുദ്ധ പദവിയിലേക്കുള്ള യാത്രയുടെ തുടക്കം.

1877 മുതൽ 1895 വരെയുള്ള രണ്ടാമത്തെ കാലഘട്ടമാണ് പരുമല കൊച്ചു തിരുമേനിയിലെ ആധ്യാത്മിക തേജസിനെ ഊതിക്കാച്ചിയെടുത്തത്. പരുമലയിലും നിരണത്തുമായി നടത്തിയ ആധ്യാത്മിക പ്രവർത്തനങ്ങൾ അദ്ദേഹത്തെ ജീവിച്ചിരിക്കുമ്പോൾ തന്നെ വിശുദ്ധ പദവിയിലേക്കുയർത്തി. പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് പ്രഥമൻ ബാവയുടെ ഡയറിക്കുറിപ്പിൽ പറയുന്നു 'ദൈവഭക്തിയും സഭാ നിയമങ്ങളും കാനോനും അനുസരിച്ചുള്ള എല്ലാ ചുമതലകളിലും സന്യാസിയുടെയും മേൽപ്പട്ടക്കാരന്റെയും ചുമതലകളെ ആചരിച്ചുവന്നതിനാൽ വചനത്തേക്കാൾ പ്രവർത്തിയിൽ ഇദ്ദേഹം ദൃഷ്ടന്തമായിരുന്നു. ഇദ്ദേഹം ദൈവത്തിന്റെ ദൂതനാണെന്നോ അദ്ദേഹത്തിന്റെ അതൃപ്തി സമ്പാദിച്ചാൽ ശാപം നേരിടുമെന്നോ ഉള്ള ബോധ്യം വ്യാപകമായിരുന്നു."

എന്നാൽ 1895 മുതൽ 1902 വരെയുള്ള പരുമല തിരുമേനിയുടെ ജീവിതത്തിലെ അവസാനകാലഘട്ടത്തെയാണ് സഭാമക്കളും കേരളീയ പൊതു സമൂഹവും അത്ര പരിചയപ്പെടാതെ പോയത്. വിശുദ്ധതയുടെ പടച്ചട്ടകൾക്കുമപ്പുറത്ത് പതിറ്റാണ്ടുകൾക്കുശേഷവും നമ്മുടെ പൊതു ബോധം ആ മനുഷ്യനെ നേരാംവണ്ണം തിരിച്ചറിഞ്ഞിട്ടുണ്ടോയെന്ന് സംശയമാണ്.

കേരളത്തിലെ സാമൂഹിക മാറ്റത്തിന്റെ ഏടാണ് പത്തൊൻപതാം നൂറ്റാണ്ട്. പ്രത്യേകിച്ചും 1850 കൾക്കുശേഷമുള്ള കാലഘട്ടം. മിഷനറിമാരുടെ വരവ്, സാർവത്രിക വിദ്യാഭ്യാസം, അച്ചടി എന്നിവയുടെ വരവും വളർച്ചയും ഈ നാടിനെ വലിയതോതിൽ സ്വാധീനിച്ചു. പരുമലത്തിരുമേനിയുടെ ജീവിത കാലഘട്ടവും ഇതുതന്നെയായിരുന്നു. കേരളത്തിന്റേ നവോദ്ധാന കാലഘട്ടം എന്നൊക്കെയാണ് ഈ വർഷങ്ങളെ ചരിത്രകാരൻമാർ അടയാളപ്പെടുത്തുന്നത്. എന്നാൽ പരുമലത്തിരുമേനിയുടെ സാമൂഹ്യ വീക്ഷണം മറ്റൊരു തരത്തിലായിരുന്നു. അദ്ദേഹത്തിലെ സാമൂഹ്യപരിഷ്കർത്താവിനെ നാം കാണേണ്ടതും ഇതേ കണ്ണോടെയാണ്. ഉപരിപ്ലവമായ വികസനമല്ല കേരള നവോത്ഥാനത്തിന്റെ ആണിക്കല്ല് എന്നാണ് പരുമലത്തിരുമേനി കരുതിയിരുന്നത്. അക്കാലത്തെ സാമൂഹ്യ ജീവിത ശൈലി, ജാതി വിവേചനം എന്നിവ ഇല്ലാതാക്കുകയാണ് നവോത്ഥാത്തിലേക്കുള്ള വഴിയെന്നാണ് പരുമലത്തിരുമേനി കരുതിയത്. ബാക്കിയെല്ലാം, വിദ്യാഭ്യാസമായാലും അച്ചടിയായാലും പത്രപ്രവർത്തനമായാലും, ഇതിന്റെ തുടർച്ചയായി വരേണ്ടതാണ് എന്നാണ് അദ്ദേഹം വിശ്വസിച്ചത്. 1895ൽ പരുമലയിൽ ഗ്രിഗോറിയോസ് തിരുമേനി നടത്തിയ ഭക്തവചനം എന്ന പ്രസംഗം നമ്മുടെ സാമൂഹ്യ ചരിത്രത്തിൽ സുവർണ ലിപികളിൽ എഴുതപ്പെടേണ്ട ഒന്നാണ്.

ആ പ്രസംഗത്തിൽ പരുമലത്തിരുമേനി ഇങ്ങനെ പറയുന്നു, "താഴ്ന്ന ജാതിക്കാരെന്ന് പറഞ്ഞുവരുന്നവർക്ക് രാജപാതയിൽ സഞ്ചാരമോ സമസൃഷ്ടികളോടുള്ള അടുപ്പമോ സാധ്യമല്ലെതെയാണ് ഇരിക്കുന്നത്. ഈ സാധുക്കൾക്ക് സത്യമായ ദൈവ വിശ്വാസം ഉണ്ടാകേണ്ടതും അവരുടെ കഷ്ടപ്പാടുകൾ തീർക്കേണ്ടതും അറിവുണ്ടാക്കിക്കൊടുത്ത് അവരെ പാപങ്ങളിൽ നിന്നും കുറ്റങ്ങളിൽ നിന്നും രക്ഷിക്കേണ്ടതും നമ്മുടെ കർത്തവ്യമാകുന്നു".

കേരളീയ നവോത്ഥാന വക്താക്കളായി കേരളീയ പൊതു സമൂഹം ഇന്നും കാണുന്നത് ശ്രീനാരായണഗുരുവിനേയും അയ്യങ്കാളിയേയും ചട്ടമ്പി സ്വാമികളേയും ഒക്കെയാണ്. ആ മഹാൻമാർ കാണിച്ച വഴികൾ കേരളീയ നവോദ്ധാന ചരിത്രത്തിലെ ഏടുകളാണ്. അതേ കാലഘട്ടത്തിൽ തന്നെയാണ് പരുമല തിരുമേനിയും ഈ ദളിത് വിമോചന ദൗത്യം ഉയർത്തിയത് പ്രത്യേകിച്ചും 1895ലെ ജറുസലേം യാത്ര കഴിഞ്ഞ് മടങ്ങിയെത്തിയശേഷം. ജാതി വ്യവസ്ഥ സാമൂഹിക ഉന്നമനത്തിനുള്ള തിരിച്ചടിയാണെന്ന് പരുമലത്തിരുമേനി തിരിച്ചറിഞ്ഞിരുന്നു.

നവോത്ഥാനമെന്നാൽ ജാതീയത ഇല്ലാത്ത, വിവിധ വിഭാഗം ആളുകൾ ഇല്ലാത്ത, എല്ലാവരും ഒരേ സ്വാതന്ത്ര്യവും സമത്വവും ആഘോഷിക്കുന്ന സമൂഹം എന്നതായിരുന്നു പരുമലത്തിരുമേനിയുടെ സങ്കൽപമെന്ന് 1895-ലെ ഭക്തവചന പ്രഭാഷണം ശ്രദ്ധിച്ചാൽ മനസിലാകും. ഏതു നവോത്ഥാനവും ഉണ്ടാകണമെങ്കിൽ ജാതി വ്യവസ്ഥ ഇല്ലാതാകണം. ഇതിനു തുടർച്ചയായി സ്ത്രീകൾ ഉൾപ്പെടെ എല്ലാവിഭാഗം ആളുകൾക്കും വിദ്യാഭ്യാസം ഉറപ്പാക്കണമെന്നും അദ്ദേഹം ശഠിച്ചു. ജാതീയത അതിന്റെ സർവസീമകളും കടന്ന കാലത്തായിരുന്നു പരുമലത്തിരുമേനി പൊതു സമൂഹത്തിനു നേർക്ക് ഇത് പറഞ്ഞതെന്നോർക്കണം.

'മാനവസേവയാണ് മാധവസേവ' ഇന്നത്തെ പല പൊതുപ്രവർത്തകരും അർഥം അറിഞ്ഞോ അറിയാതെയോ പറയുന്നതാണ്. മനുഷ്യനെ സ്നേഹിക്കുന്നതാണ്, അവനെ സഹായിക്കുന്നതാണ് ഈശ്വര സേവ എന്ന വലിയ ദാർശനിക സങ്കൽപമാണ്. നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കണമെന്ന ക്രിസ്തുവചനത്തെ ഇതോട് ചേർത്ത് വായിക്കണം. ഈശ്വര ചൈതന്യം എന്നിലും നിന്നിലുമുണ്ട് എന്ന ഭാരത സങ്കൽപവും ഇതോട് ചേർന്ന് പോകുന്നതാണ്. മാനവസേവയാണ് മാധവസേവയെന്ന് നവോത്ഥാന കാലഘട്ടത്തിൽ കേരളീയ പൊതു സമൂഹത്തെ പഠിപ്പിച്ച ആധ്യാത്മികാചാര്യനായിരുന്നു പരുമലത്തിരുമേനി.

ഇന്നത്തെ സാമൂഹിക യാഥാർഥ്യം എല്ലാവർക്കും ബോധ്യമുള്ളതാണ്. ജാതി ജാതിക്കായും മതം മതത്തിനായും സന്നദ്ധ- സേവന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന കാലമാണ്. എന്നാൽ ജാതി ഒന്നേയുള്ളു അത് മാനവ ജാതിയാണ് എന്ന് പഠിപ്പിച്ച മഹാത്മാവായിരുന്നു പരുമല തിരുമേനി. ജാതിയുടെ പേരിൽ സമൂഹ്യാവകാശങ്ങൾ നിഷേധിക്കപ്പെട്ട സമൂഹത്തിനായി ധർമശേഖരണം അടക്കമുള്ള നിരവധി പദ്ധതികളാണ് അദ്ദേഹം ഇക്കാലത്ത് ആവിഷ്കരിച്ചത്.

അധ്യാത്മികാചാര്യൻ എന്ന നിലയിൽ തന്റെ കൽപ്പനകളും പ്രസംഗങ്ങളും ലേഖനങ്ങളും ഈ സാമൂഹിക ഉന്നമനത്തെ ലക്ഷ്യംവെച്ചുള്ളതായിരുന്നു. വാക്കുകളിൽ മാത്രം ഒതുങ്ങുന്നതായിരുന്നില്ല അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകൾ. ജാതീയമായി വേർതിരിക്കപ്പെട്ടിരുന്നവരുടെ ഇടയിലേക്ക് നേരിട്ടിറങ്ങിച്ചെന്നാണ് തിരുമേനി വഴികാട്ടിയത്. അവരുടെ വീടുകളിൽപോയി അവർക്കൊപ്പം ഭക്ഷണം കഴിച്ചാണ് മാതൃകയായത്. 'മറ്റുള്ളവരേക്കാൾ വലിയവൻ എന്നോർക്കരുത്. എത്ര ദരിദ്രനായാലും തങ്ങളേക്കാൾ അവൻ വലിയവൻ എന്നോർക്കുക. എല്ലാവരേയും ബഹുമാനിക്കുകയും നിന്ദിക്കാതിരിക്കുകയും ചെയ്യുക"- പരുമലത്തിരുമേനിയുടെ ആ വാക്കുകൾക്ക് കാലാതിർത്തികളെ ഭേദിക്കുന്ന പ്രസക്തിയുണ്ട്.

വിദ്യാഭ്യാസമാണ് സാമൂഹിക ഉന്നമനത്തിന്റെ അടിസ്ഥാനമെന്നായിരുന്നു ഗ്രിഗോറിയോസ് തിരുമേനി കരുതിയത്. സാമ്പത്തിക ഭദ്രത, സാമൂഹിക അംഗീകാരം എന്നിവയെല്ലാം ഇതിന്റെ തുടർച്ചയായി കൈവരുന്നതാണെന്നും അദ്ദേഹം കരുതി. കേരളീയ നവോത്ഥാനത്തിന്റെ പ്രധാന വ്യക്താക്കളായി അറിയപ്പെടുന്ന ശ്രീനാരായണഗുരുവും ചട്ടമ്പി സ്വാമികളും അയ്യങ്കാളിയുമൊക്കെ ത്തന്നെ കാട്ടിത്തന്ന അതേവഴിയിലാണ് പരുമലത്തിരുമേനിയും പൊതു സമൂഹത്തിന് കെടാവിളക്കായി നിന്നത്. സമാമൂഹിക ഉന്നമനം ലക്ഷ്യമാക്കിയാണ് സ്കൂളുകൾ തുടങ്ങിയത്. അന്നത്തെ ഭരണ നേതൃത്വത്തിന് പലവിധ കത്തുകളയച്ചും ക്ഷമയോടെ ആ വാതിലുകളിൽ മുട്ടിയുമാണ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള അനുമതി നേടിയെടുത്തത്. 1895-ലെ ഭക്ത വചന പ്രസംഗത്തിൽ പരുമലത്തിരുമേനി ഇങ്ങനെ പറയുന്നു. "ഹൃദയം നിറയുന്ന പരിശുദ്ധിയോടെ ചെയ്യുന്ന കർമങ്ങളേ ദൈവം കൈക്കൊൾകയും അത് അനുഗ്രഹമായി നമുക്ക് തിരികെ ലഭിക്കുകയും ചെയ്യൂ.സമസൃഷ്ടികളെ ആര് നല്ല വണ്ണം സ്നേഹിക്കുന്നുവോ അവനാണത്രേ ഉത്തമ ദൈവഭക്തൻ".

ജാതീയത തൊട്ടുതീണ്ടാതെ എല്ലാവർക്കും വിദ്യാഭ്യാസമെന്നതയിരുന്നു പരുമല തിരുമേനിയുടെ സങ്കൽപം. സാമൂഹികമായി പിന്നാക്കം നിൽക്കുന്നവർക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസം അടക്കം നൽകി അവരെ പൊതുധാരയിലേക്ക് കൊണ്ടുവരാനായിരുന്നു ശ്രമം. അങ്ങനെ സമൂഹത്തിന്റെ എല്ലാ തുറകളിലും ദളിത് പങ്കാളിത്തം ഉണ്ടാവണമെന്നും അദ്ദേഹം ആഗ്രഹിച്ചു. മല്ലപ്പള്ളി, ചെന്നിത്തല, പുതുപ്പള്ളി, കല്ലുങ്കത്ര എന്നിവടങ്ങളിലൊക്കെ പള്ളികൾ പണിതത് ഈ ലക്ഷ്യത്തോടെയാണ്.

പരുമലത്തിരുമേനിയെന്ന വിശുദ്ധൻ കേരളീയ നവോദ്ധാനത്തിന് ചെയ്ത സംഭാവനകളാണ് മേൽ വിവരിച്ചത്. എന്നാൽ പരുമലത്തിരുമേനിയെന്ന സാഹിത്യകാരനെ എത്ര പേർക്കറിയാം. മലയാളത്തിൽ അച്ചടിച്ച ലക്ഷണയുക്തമായ ആദ്യത്തെ യാത്രവിവരണം എഴുതിയത് പരുമലത്തിരുമേനിയാണെന്നാണ് പല ഭാഷാവിദഗ്ധരും കരുതുന്നത്. 1895-ൽ പ്രസിദ്ധീകരിച്ച പരുമലത്തിരുമേനിയുടെ ഊർശ്ലേ യാത്രാവിവരണം മലയാളത്തിന്റെ ഗദ്യശാഖയ്ക്ക് വലിയ സംഭാവനയാണ് നൽകിയത്.

1785-ൽ എഴുതിയ പാറേമാക്കൽ തോമാക്കത്തനാരുടെ റോമയാത്രയെ

ക്കുറിച്ചുള്ള വിവരണമാണ് മലയാളത്തിലെ ആദ്യ യാത്രവിവരണമെന്നാണ് ഭാഷാ വിദഗ്ധർ കരുതുന്നത്. എന്നാൽ ലക്ഷണയുക്തമായ യാത്രാവിവരണം എന്ന നിലയിലാണ് പരുമലത്തിരുമേനിയുടെ ഊർശ്ലേം യാത്രാവിവരണത്തെ കാണേണ്ടത്. 1895 ജനുവരി 28-ന് പരുമലയിൽ നിന്ന് പുറപ്പെട്ട് അതേ വർഷം മേയ് 13-ന് അന്നത്തെ ബോംബെയിൽ തിരിച്ചെത്തുന്നത് വരെയുള്ള കാര്യങ്ങൾ ലളിതവും സരസവുമായി വിവരിച്ചിരിക്കുന്നു.

പരുമലത്തിരുമേനി ഈ യാത്രാവിവരണം എഴുതിയ കാലഘട്ടം കൂടി പരിശോധിക്കേണ്ടത്. പച്ചമലയാളത്തിലേക്ക് നമ്മുടെ ഭാഷ മാറിവരുന്നതേയുള്ളു. സംസ്കൃതത്തിന്റെതയും തമിഴിന്റെ യും സ്വാധീനമുണ്ട്. എന്നാൽ പത്രഭാഷയും വ്യവഹാരഭാഷയും ഉൾപ്പെടുന്ന തനി മലയാളത്തിലാണ് പരുമലത്തിരുമേനി ഈ വിവരണം എഴുതിത്തീർത്തത്. ഒറ്റ ലക്ഷ്യമേ അതിനുണ്ടായിരുന്നുള്ളു. എല്ലാവരും വായിക്കണം. വായിച്ചാൽ എല്ലാവർക്കും മനസിലാകണം. തിരിച്ചെത്തി ഒരു മാസത്തിനുള്ളിൽ തന്നെ തിരുമേനി യാത്രാവിവരണം എഴുതിത്തീർത്തു. പ്രസിദ്ധീകരിച്ച് രണ്ട് മാസത്തിനുള്ളിൽത്തന്നെ ആയിരം കോപ്പികൾ വിതരണം ചെയ്തു.

ഒരുപാട് പ്രത്യേകതകൾ ഈ പുസ്തകത്തിനുണ്ട്. ഫസ്റ്റ് പേഴ്സൺ നരേറ്റീവ് ആണ്. ഊർശ്ലേം യാത്രയ്ക്കിടെ താൻ കണ്ട കാര്യങ്ങൾ അതേ പടി വിവരിക്കുകയാണ്. വായനക്കാരനിൽ കാഴ്ചയുടെ തലം സൃഷ്ടിച്ചുകൊണ്ടാണ് എഴുത്ത് നീങ്ങുന്നത്. ഊർശ്ലേമിൽ യേശുവിന്റെ കബറിനെക്കുറിച്ചുള്ള വിവരണം ഇങ്ങനെയാണ്. 'കർത്താവിന്റെ ശുദ്ധ കബറിൻ മുമ്പാകെ ഞങ്ങൾ മുട്ടുകുത്തി പ്രാർഥിച്ചപ്പോൾ ഞങ്ങളിൽ ഉണ്ടായ അനുതാപവും പാപവിചാരവും ഭക്തിയും ആയുസിൽ ഒരിക്കലും ഉണ്ടായിട്ടില്ലാത്ത തീക്ഷ്ണതയിൽ ആയിരുന്നു. അപ്പോൾ ഞങ്ങൾ ദൈവത്തോട് കൂടുതൽ പറ്റിച്ചേർന്നതുപോലെ തോന്നി. കർത്താവിന്റെ കുരിശുമരണവും കഷ്ടാനുഭവവും വേദനകളും ഞങ്ങൾ കണ്ണുകൊണ്ട് കണ്ടതുപോലെ തോന്നി."

അതിഭാവുകത്വം കലരാതെ വസ്തുനിഷ്ഠമായ വിവരണമായിരുന്നു അത്. യേശുവിന്റെ കബറിനെപ്പറ്റി എഴുതിയിരിക്കുന്നത് ഇങ്ങനെ. ' ശുദ്ധ സ്വർണവും വെള്ളിയും കൊണ്ടുണ്ടാക്കിയ വിളക്കുകൾ നിരനിരയായി തൂക്കപ്പെട്ടിരിക്കുന്നതും അവ സ്വർണത്തുടലുകളിലും വെള്ളിത്തുടലുകളിലും തൂങ്ങി പ്രകാശിക്കുന്നതും കണ്ടാൽ കണ്ണുമഞ്ചിപ്പോകും. രാവും പകലും കത്തിക്കൊണ്ടിരിക്കുന്ന അനേകം മെഴുകുതിരികളുടേയും വിളക്കുകളുടെയും പ്രകാശം സൂര്യനെ തോൽപ്പിക്കുമോയെന്ന് തോന്നിപ്പോകും."

സഞ്ചാര സാഹിത്യകാരൻ ഒരു ചരിത്രകാരൻ കൂടിയാണ്. ചരിത്രത്തിലേക്ക് പദമൂന്നി ഭാവിയിലെ വായനക്കാരെ മനസിൽക്കണ്ടാണ് രചന പൂർത്തിയാക്കേണ്ടത്. ഈ കൊവിഡ് കാലത്ത് പരുമലപള്ളയിലെ ഈ തിരുനാൾ ഏതെങ്കിലും സഞ്ചാര സാഹിത്യകാരൻ എഴുതിയാൽ, മാസ്ക് ധരിച്ച വിശ്വാസി സമൂഹത്തെക്കുറിച്ച് ഉറപ്പായും പറയേണ്ടതായി വരും. നൂറോ നൂറ്റമ്പതോ കൊല്ലത്തിനുശേഷം അന്നത്തെ തലമുറ പരുമലയിലെ വിശുദ്ധന്റെ കബറിടത്തിൽ മാസ്ക് ധരിച്ച് പ്രാർഥിക്കാനെത്തിയ വിശ്വാസികളെക്കുറിച്ച് വായിക്കുന്നത് എങ്ങനെയായിരിക്കുമെന്ന് ആലോചിച്ചു നോക്കൂ. അന്നത്തെ ലോകക്രമം ഇതായിരിക്കില്ല. ചിലപ്പോൾ കൊവിഡ് എന്ന രോഗത്തെപ്പറ്റിപോലും അന്നത്തെ തലമുറ അറിഞ്ഞിരിക്കണമെന്നില്ല.

സഞ്ചാരസാഹിത്യകാരൻ എന്നാൽ മറ്റൊരു സംസ്കാരത്തെ പരിചയപ്പെടുത്തുകയാണ്. അതായത് വായനക്കാരന് കേട്ടുകേൾവിമാത്രമുള്ള ഒരു സ്ഥലത്തെക്കുറിച്ച്, അവിടുത്തെ ജനങ്ങളെക്കുറിച്ച്, അവിടുത്തെ ആളുകളെക്കുറിച്ച് ജീവിത രീതിയെക്കുറിച്ച് ഒക്കെ അതൊന്നും നേരിട്ട് കാണാൻ അവസരമില്ലാത്ത ഒരു സമൂഹത്തെ സാംസ്കാരികത്തനിമയോടെ പരിചയപ്പെടുത്തുകയാണ്. പരുമലത്തിരുമേനിയും തന്റെ ഊർശ്ലേം യാത്രാവിവരണത്തിലൂടെ ചെയ്തത് അതാണ്. വിശുദ്ധനാട്ടിൽപ്പോയി യേശുവിന്റെ്ണ കബറിടം നേരിൽക്കാണാൻ അവസരമില്ലാത്ത മലയാള നാടിന് അവിടം നേരിൽക്കാണുന്ന അനുഭവം ഒരുക്കുകയാണ് തിരുമേനി ചെയ്തത്. ആ സംസ്കാരത്തെ പരിചയപ്പെടുത്തുകയാണ് ചെയ്തത്. വെറുതെ കാഴ്ച കണ്ട് പോവുകയായിരുന്നില്ല. ഓരോന്നും അടയാളപ്പെടുത്തുകയായിരുന്നു.

'എല്ലാ കൂട്ടരും വെള്ളിയും പൊന്നും കൊണ്ടുള്ള കുരിശുകൾ പിടിച്ചിരുന്നു, അവയ്ക്കൊന്നും മലയാളത്തിലെ കുരിശുകളോട് സാമ്യം ഉണ്ടായിരുന്നില്ല. ഭൂമിയ്ക്കുകീഴെ ഒരു നില ഉൾപ്പെടെയുള്ള 9 നിലയുള്ള കെട്ടിടങ്ങൾ കണ്ടു. വീടുകളിൽ ചെല്ലുമ്പോൾ കുടിക്കാനും കുളിക്കാനും കുഴൽ വഴി ശുദ്ധജലം വന്നിരുന്നു. പട്ടണം മുഴുവൻ വലിയ കെട്ടിടങ്ങളുടെ കൂട്ടമായിരുന്നു.'' പുസ്തകത്തിൽ ഇങ്ങനെ വിവരിക്കുന്നു. 9 നിലയുള്ള കെട്ടിടമോ പൈപ്പിൽകൂടി വെള്ളം വരുന്നതോ ഒന്നും നമുക്കൊരു കാര്യമല്ല. സാങ്കേതികമായി എത്രയോ പതിന്മടങ്ങ് നമ്മുടെ നാടും മുന്നേറിക്കഴിഞ്ഞു. എന്നാൽ സ്വന്തമായി കിടപ്പാടം പോലുമില്ലാത്ത, ഓലപ്പുരകളിലും മൺപുരകളിലും കഴിഞ്ഞിരുന്ന നമ്മുടെ സമൂഹത്തിനാണ് അന്നത്തെ ഊർശ്ലേം ജീവിതം തിരുമേനി പരിചയപ്പെടുത്തിയത്.



എന്തിന് യാത്രാവിവരണം എന്നതിനും പരുമലത്തിരുമേനിക്ക് ഉത്തരമുണ്ടായിരുന്നു. അതേക്കുറിച്ച് എഴുതിയതിങ്ങനെ. 'ആൽമാവിന്റെയും സത്യത്തിന്റെയും പൂർണത പ്രാപിക്കാൻ കാഴ്ച ഏറ്റവും ഉപയോഗപ്പെടുന്നതാകുന്നതുകൊണ്ട് നമ്മുടെ ജനങ്ങളിൽ കഴിയാവുന്നവർ എല്ലാം വിശുദ്ധ സ്ഥലങ്ങൾ സന്ദർശിക്കേണ്ടതാകുന്നു. നാം അല്പവിശ്വാസികളും പാപികളും ആകുന്നതിനാൽ ചെവികൊണ്ട് ഗ്രഹിക്കുന്നതിലധികം കണ്ണുകൊണ്ട് ഗ്രഹിക്കുമ്പോൾ ഉണ്ടാകുന്ന വിശ്വാസ സ്ഥിരതയും മനസിന്റെ ഭക്തിയും ഊർശ്ലേ യാത്രയിൽ നിന്ന് തിരിച്ചറിയുന്നു."

1895 ജനുവരി മാസത്തിൽ തീർഥാടകനായാണ് പരുമല തിരുമേനി ജറുശലേമിൽ പോയതെങ്കിലും സഞ്ചാര സാഹിത്യകാരൻ കൂടിയായിട്ടാണ് മടങ്ങി വന്നത്. മറ്റൊരുതരത്തിൽപറഞ്ഞാൽ ഊർശ്ലേം യാത്രയ്ക്കുശേഷമാണ് പരുമലത്തിരുമേനിയുടെ ജീവിതത്തിന്റെ മൂന്നാംഘട്ടം. ആധ്യാത്മിക പ്രതിപുരുഷൻ എന്നതിനുമപ്പുറത്ത് സാമൂഹിക വിഷയങ്ങളിലും സാഹിത്യവിഷയങ്ങളിലും സജീവമായി ഇടപെട്ടുതുടങ്ങിയത് ഇതിന് ശേഷമുള്ള ഏഴ് വർഷങ്ങളിലാണ്.

മലയാള ഭാഷയുടെ പരിണാമഘട്ടത്തിലെ മുതൽക്കൂട്ടായ ഗ്രന്ഥമായിട്ടും പരുമലത്തിരുമേനിയെന്ന സാഹിത്യകാരനെ നമ്മുടെ പൊതു സമൂഹത്തിന്റെ ശ്രദ്ധയിൽക്കൊണ്ടുവരാൻ കഴിഞ്ഞോ എന്നതും പരിശോധിക്കപ്പെടേണ്ടതാണ്. ഏതാണ്ട് ഇതേ കാലഘട്ടത്തിൽ ജീവിച്ചിരുന്ന വിശുദ്ധനായ ചാവറ കുര്യാക്കോസ് ഏലിയാസച്ചനുമായിട്ടാണ് പരുമലത്തിരുമേനിയെ താരതമ്യപ്പെടുത്താൻ ഞാൻ താൽപ്പര്യപ്പെടുന്നത്. പള്ളിക്കൊരു പള്ളിക്കൂടം, നസ്രാണി ദീപിക, അച്ചടിശാല എന്നിവയെല്ലാം നടപ്പാക്കിയ ചാവറയച്ചന്റെ അതേവഴിയായിരുന്നു പരുമലത്തിരുമേനിയുടേതും.

എന്നാൽ കത്തോലിക്കാ സഭയ്ക്കും സീറോ മലബാർ സഭയ്ക്കും കേരളീയ പൊതു സമൂഹത്തിൽ ചാവറയച്ചന്റെ സേവനങ്ങളെ കൃത്യമായി അടയാളപ്പെടുത്താൻ പതിറ്റാണ്ടുകൾ നീണ്ട ശ്രമങ്ങൾ കൊണ്ടു കഴിഞ്ഞു. സമാനമായ ഒരു ഇടപെടൽ പരുമലത്തിരുമേനിയുടെ കാര്യത്തിൽ നടത്താൻ ഓർത്തഡോക്സ് സഭയ്ക്കും അതിലെ വിശ്വാസി സമൂഹത്തിനും കഴിഞ്ഞോ എന്നുകൂടി പരിശോധിക്കപ്പെടേണ്ടതാണ്. ഒത്തൊരുമിച്ച് ആസൂത്രണത്തോടെയുള്ള പ്രവർത്തനം കൊണ്ടേ ഭാവിയിലെങ്കിലും അതിനു കഴിയൂ. അതായത് വിശുദ്ധൻ എന്നതിനുമപ്പുറത്ത് കേരളീയ നവോദ്ധാന കാലഘട്ടത്തിലെ സാമൂഹ്യപരിഷ്കർത്താവായും സാഹിത്യകാരനായും പരുമലത്തിരുമേനിയെ അവതരിപ്പിക്കാൻ നമുക്ക് കഴിയണം.

ഗ്രിഗോറിയോസ് എന്ന പദത്തിനർഥം 'ഉണർന്നിരിക്കുന്നവൻ' എന്നാണ്. കേരളീയ പൊതു സമൂഹത്തിനാണ് ഉണർന്നിരുന്ന പരുമലത്തിരുമേനിയെ കാലത്തിനുമുന്നിൽ അടയാളപ്പെടുത്താൻ നമുക്കെല്ലാവർക്കും കഴിയട്ടെ എന്ന് ആശംസിക്കുന്നു.

(പരുമല പള്ളിയിൽ നടത്തിയ ഗ്രീഗോറിയൻ പ്രഭാഷണം. 28 ഒക്ടോബർ 2020)

❑

PILGRIMAGE IN THE CHRISTIAN LIFE

Fr Baiju Thomas
(STOTS)

The pilgrimage to the holy places is associated with the sacred and spiritual life of humans. Humanity overcomes the barriers of caste or religion to follow the ritual of the 'pilgrimage'. When man performs this deed in various forms and expressions, the spiritual significance is immense. "We are pilgrims to heaven" was a message that always resonated in the teachings of His Holiness Baselios Marthoma Mathews II of Blessed Memory. These pilgrimages convey many insights and messages in the spiritual and material life of a person.

Pilgrimage as a fulfilment of aspirations

The speciality of the holy places visited by the pilgrims is that every pilgrimage has a purpose. The pilgrimage is a journey in search of '*theertham*'. '*Theertham*' is a sacred object. The pilgrims move with the hope that each one of them will receive this *theertham* in the sacred condition of pilgrim centres. It is with this hope that every pilgrim moves.

Every human life must have a purpose. Life is perfect when our aspirations are achieved. In the journey from birth to death, man strives in various ways to achieve their goal. Here lies the meaning of the pilgrimage. The ultimate good comes when one advances in life by taking the necessary actions for the fulfilment of aspirations. In the Gospel of St. Luke 18:18-27, The evangelist speaks of a ruler. This ruler could not end his journey smoothly despite his numerous material achievements. Although Jesus Christ had provided him with the path, he could not go through it.

The Christian life, on its spiritual stratum, is inextricably associated with pilgrimage. Is it not the goal of every Christian to attain and reach Paradise? This pilgrimage is pointless if it is not possible to move in the right direction to achieve this goal. The words of St. Paul the Apostle in his letter to Philippians 1:21 "For to me, living is Christ and dying is gain" focus on the goodness that one hopes to receive. Any pilgrimage is a journey to a place where the memories of a saint are brimming. These Holy Fathers are the ones who have achieved their goal in Christ. The spiritual euphoria which the pilgrims receive through the pilgrimage is an impression of the divine experience the Holy Saints have experienced. Thus, pilgrimages help us to experience the love of Christ through the Holy Fathers and their memories. In this way, a definitive objective of the ultimate goal of the pilgrimage, or the journey to Christ, is achieved successfully.

Pilgrimage Is a Platform for Self-Discipline

Pilgrimages are something that enables us to discipline ourselves. There may be people in charge of leading the pilgrimages. Mostly self-control is experienced because everybody comprehends the significance of the place where they are moving. A spiritual control over the whole mind and body when moving in the same direction. A journey that sets aside all emotions. This is the self-discipline provided by the pilgrimage.

In an individual's life, Spiritual teachers place great importance on self-discipline. Particularly in the Indian tradition, from dawn to dusk they orchestrate the deeds of man to become beautiful through self-discipline. There can be many factors in a person's life that influence and control a person. But the transformation of goodness gained through self-discipline is indescribable. According to Proverbs Chapter 10 verses 5, "A child who gathers in summer is prudent, but a child who sleeps in harvest brings shame". These are two levels of life. The obstacles a self-disciplined person faces in life are not hindrances to his or her life journey.

The Christian life is no different. At the point when you comprehend the living conditions and reside there, a comfortable living environment is conceivable. Moses is the best illustration of a self-disciplined man in the Holy Bible. Moses was able to lead and control the people of Israel through the divine power he acquired through self-discipline.

A pilgrim centre proclaims the virtues and goodness of the holy saint whose presence is filled in its environment. It is through these hallowed places and shrines that the divine spirit acquired by the Holy Fathers through self-discipline radiates into the world as a great force. This is what motivates a person to look to the face of God. Every pilgrim can be a part of the community through self-discipline as the Holy Fathers lead their community with their austere presence.

Pilgrimage is a meditation to fulfil an aspiration and a platform for self-discipline. Life is blessed when we continue in the strides and footsteps of the holy fathers and our journeys emulate their life circumstances. This journey in search of *'theertham',* may empower every pilgrim to sing like a psalmist "We shall be satisfied with the goodness of your house, your holy temple."

❑



പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാബാവ കുന്നംകുളം അടുപ്പൂട്ടി മേരി മഗ്ദലീൻ മഠത്തിലെ കരുണാലയം സന്ദർശിച്ചപ്പോൾ.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Article

PROUD TO BE A TEACHER - 11



Fr. Dr. P. S. Varghese
(Vicar MGOS Church, Dimapur &
Principal, MGM College, Dimapur, Nagaland)

"Wisdom is not a product of schooling but of the lifelong attempt to acquire it." Albert Einstein

Educators play a central role in teaching-learning, evaluating, gaining knowledge, and developing wisdom among their students. The process of gaining wisdom requires a lifetime of practice and determination. You cannot learn it simply from schooling and normal teaching methods. Mentors have the responsibility of preparing their students for this lifelong practice. You are successful as a mentor when you prepare your child to handle it on a continual basis.

A report was prepared by the TATA Institute of Social Science for UNESCO. 11.16 lakh teachers are in short supply in schools across the country, 69% of whom are in rural areas. During the preparation of this study, the teacher-to-student ratio was maintained at 1:35. We don't know how long it will take for us to reach this ratio. For the preparation and compilation of such a study, a teacher-student ratio of 1:35 is required. Education must be a primary concern for national development if India is to reach this ratio.

The shortage is very acute in Uttar Pradesh (320,000) and Bihar (220,000). Madhya Pradesh, Jharkhand, Karnataka, Maharashtra, and West Bengal suffer from a teacher shortage of between 60,000 and 80,000.

There are about 1.2 lakh single-teacher schools in India. Across India, school teachers have a gender ratio of 50, but Chandigarh has the highest percentage of women at 82, Goa at 80, and Kerala at 78.

We have failed to build a society with vision and endless dreams because of this shortage. Teachers are the guiding stars to wisdom. We must find a way to bridge the wide gap between the teacher-student ratio and the huge gulf that has to be closed as soon as possible for the proper dispensation of knowledge.

If you love wisdom, it will keep you; if you protect it, it will exalt you; and if you honor it, it will embrace you. You will be covered with the crown of delight and you will receive the crown of grace.

"Do not forsake wisdom, it shall cleave t you; Love it, and it will keep you. Secure it, and it shall exalt you; Honor it, that it may embrace you, And give your head a crown of graces, And cover you with a crown of delight."(Proverbs 4:6-7)

Wisdom comes from combining experience, knowledge, and careful decision-making. All aspects of your life can be improved by it, including your emotional, mental, physical, and financial well-being.

It requires a person to possess many good qualities that enable him to deal with various situations logically and achieve the best results at the individual and societal levels.

(https://www.scientificworldinfo.com/2021/06/importance-of-wisdom-in-our-lives.html, retrieved on 22/10/2021, at 11.30 am)

Wisdom comes in various forms. What are they?

The gift of wisdom is from the heavenly realm. Wisdom can be classified into two main categories - Heavenly wisdom and Earthly wisdom. Wisdom and compassion are both essential to living a fulfilling and healthy life in this world. You will be able to make the right decision when you understand the difference between these types of wisdom

In what ways does wisdom influence our lives?

To achieve the goals we set for ourselves, we need wisdom. We need abundant wisdom in order to discern right from wrong, good from bad, make mature decisions not influenced by our emotions, plan a healthy and society-oriented life, and take care of the environment, etc. It is wisdom that helps us make the right decisions in relation to various issues. Changing priorities and goals can occur in many different ways, so we must be aware of all the possible ways they can change. Conscious awareness, inner guidance, and the best exercise of free will are all interconnected.

Let us hope that visionaries in the field of education will be able to construct a concrete plan to look to the future of our country. Education should not be tainted by political agendas. Such civilizations are doomed to failure. Our hope is that visionaries and educators will not be bought by political or hidden agendas that will ruin the educational system and prosperity of the country.

To make your children better citizens, you should teach them 21st-century skills that prepare them to be independent, patriotic, value-driven, good citizens for a better tomorrow rather than cursing the educational system.

❑



ദേവലോകം അരമന മാനേജരായി നിയമിതനായ ഫാ. യാക്കോബ് തോമസ്. തൃക്കുന്നത്ത് സെമിനാരി മാനേജരായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.



ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണം തന്നെ

കൂദോശ് ഈത്തോ (വി. മത്തായി 16:13–23)

ഫാ. കെ. കെ. വർഗീസ്

പൗരസ്ത്യ സഭകളുടെ ആരാധനാ സംവത്സരത്തെ 7 കാലങ്ങളായി തിരിച്ചിരിക്കുന്നു. സഭയുടെ ശുദ്ധീകരണം / കൂദോശ് ഈത്തോ എന്ന കാഴ്ചപ്പാടോടോട് കൂടിയാണ് ആരാധനാ കാലം ആരംഭിക്കുന്നത്. ശുദ്ധീകരണകാലം, അറിയിപ്പ് കാലം, ദൗഹാകാലം, നോമ്പ് കാലം വ്യത്യാസപ്പെടുത്തിയിരിക്കുന്ന ഈ കാലഗണനയിൽ ആദ്യത്തേതാണ് കൂദോശ് ഈത്തോ ഞായറാഴ്ച.

ദൈവത്തിനായി വേർതിരിക്കപ്പെട്ടതിനാൽ വിശുദ്ധം അഥവാ കാദേശ് എന്ന സംജ്ഞ സ്വീകരിക്കപ്പെടുന്ന പരിശുദ്ധ സഭയുടെ "ഈത്തോ" എന്ന പദത്തിന് ഭവനം എന്ന അർത്ഥമുള്ളതിനാൽ പ. സഭയെ ദൈവഭവനം എന്ന പരിഗണനയിലാണ് സമീപിക്കുന്നത്. ശുദ്ധീകരണത്തിനായി വേർതിരിക്കപ്പെടുന്ന കാലത്തിലേക്കാണ് ആരാധനാ സമൂഹം പ്രവേശിക്കുന്നത്.

ദൈവം വസിക്കുന്ന ഇടമാണ് ദേവാലയം അഥവാ കുറച്ചുകൂടി വിശാലമായ അർത്ഥത്തിൽ സഭ എന്നത്. 1 കോരിന്ത്യർ 3:16, 17 നിങ്ങൾ ദൈവത്തിന്റെ മന്ദിരമെന്നും ദൈവം നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ. ഇന്നത്തെ വേദവായനയോട് കുറേകൂടി ചേർത്തുവെക്കാൻ കഴിയുന്ന വാചകങ്ങളാണ് സെന്റ് പോൾ ഇനിയും പറയുവാൻ പോകുന്നത്. അതെന്താണ്?

"ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലോ. നിങ്ങളും അങ്ങനെ തന്നെ."

ശുദ്ധീകരണപ്പെരുന്നാളിലെ വേദവായനാ ഭാഗത്തിന്റെ ധ്യാനം, അന്നു മുതൽ തുടർന്നു വരുന്ന മുഴുവൻ ആരാധനാ നിമിഷങ്ങളിലെയും ജീവിത ക്രമീകരണത്തിന് നമ്മെ പ്രേരിപ്പിക്കുന്നതാണ്. ശുദ്ധീകരിക്കപ്പെടുന്ന അനുഭവത്തിൽ നിന്നു വേണം പ്രതിഷ്ഠിക്കപ്പെടുന്ന ആ പടിയിലേക്കു പ്രവേശിക്കുവാൻ. അതിന് ശേഷം മാത്രമേ മനുഷ്യചരിത്രം ഇന്നുവരെ രേഖപ്പെടുത്തിയിട്ടില്ലാത്ത നവാനവങ്ങളായ അനുഭവങ്ങൾക്കു സാക്ഷികളാവാൻ വിശ്വാസജീവിതത്തിനു കഴിയുകയുള്ളു. പ്രാർത്ഥനാവേളകളിൽ മാലാഖമാർ സന്നിഹിതരാവുന്നു.. കന്യക ഗർഭിണിയാവുന്നു, അങ്ങനെയങ്ങനെ വിസ്മയ കാഴ്ചകളുടെ പെരുന്നാളുകളിലേക്കുള്ള പ്രവേശനത്തിനു വേദം ആവശ്യപ്പെടുന്ന ഏറ്റം പ്രധാനമായ മാനദണ്ഡം ഒന്നു മാത്രമാണ്. ശുദ്ധീകരണം; ആന്തരികവും ബാഹ്യവുമായ ശുദ്ധീകരണം.

എന്ത് കൊണ്ട് ശുദ്ധീകരിക്കപ്പെടണം.

സഭ എന്നത് കേവലം ഒരു ആൾക്കൂട്ടമല്ല, മറിച്ച് അത് വിളിച്ചു വേർതിരിക്കപ്പെട്ട ഒരു സമൂഹമാണ്. വിളിച്ചവന്റെ ഗുണങ്ങളെ ഘോഷിപ്പാൻ നിയോഗിക്കപ്പെട്ട രാജകീയ പിരോഹിതവർഗ്ഗം. അതുകൊണ്ട് തന്നെ ആ വ്യതിരിക്തത സാമൂഹ്യബന്ധങ്ങളിൽ സഭ പുലർത്തേണ്ടതായിട്ടുണ്ട്.

എഫേസ്യർ 4:1–6 വരെയുള്ള വാക്യങ്ങൾ പറയുന്നത് വിളിക്കപ്പെടുവാൻ കർത്താവിനോട് ബന്ധിക്കപ്പെട്ടിരിക്കുന്നു എന്നാണ്. പൗലോസ് വിളിക്കപ്പെട്ടവനാണ്. (അ. പ്ര. 9:4–6) ദൈവവിളിക്കുശേഷം ശൗലിനുണ്ടായ വ്യത്യാസമാണ് പൗലോസ് എന്ന ആളത്വം.

(ശൗൽ എന്ന വാക്കിന് എബ്രായ ഭാഷയിൽ ചോദ്യം ചെയ്യുന്നവൻ എന്നു കൂടി അർത്ഥമുണ്ട്. പോൾ/പൗലോസ് എന്നതിനാവട്ടെ ചെറിയവൻ/വിനയാന്വിതൻ എന്നാണ് ലത്തീൻ ഭാഷാന്തരം)

ഞാൻ അപ്പസ്തലന്മാരിൽ ഏറ്റവും ചെറിയവൻ അല്ലോ (1 കോരി. 15:9).

വിളിക്കപ്പെട്ടവൻ വിനയമുള്ളതാകണം എന്നത്രേ പൗലോസിന്റെ ഓർമ്മപ്പെടുത്തൽ. ക്രിസ്തുവിലായവൻ പുതിയ സൃഷ്ടിയാകുന്നു എന്നത്, വിളിക്കപ്പെട്ടവരുടെ പൊതു സ്വഭാവമായാണ് തിരുവചനം സൂചിപ്പിക്കുന്നത്. 1 കോരി. 5:17 അതുകൊണ്ട് തന്നെ ഇനി വെളിപ്പെടേണ്ടത് ഞാനല്ല ക്രിസ്തുവാണ്. നമ്മുടെ കർത്താവിൻരെ ആത്യന്തിക സ്വഭാവം വിശുദ്ധി ആയതിനാൽ അവന്റെ ശരീരത്തിലെ അവയവങ്ങളുടെ സ്വഭാവം അവന്റേത് തന്നെ ആയിരിക്കണം. (സങ്കീ. 30:4, 97:12)

ഈ കൂദാശീത്തോ പെരുന്നാളിൽ ക്രിസ്തു സ്വഭാവത്തിലേക്കു പുനരാനയിക്കപ്പെടാനായി പ്രാർത്ഥിക്കാം.

ഞാൻ (നിനക്ക്) ആരാണ്?

ശുദ്ധീകരിക്കപ്പെട്ട ഒരു സമൂഹം നിരന്തരം സ്വയം വിധേയപ്പെടേണ്ട ഒരു ചോദ്യമാണ് ഇത്. ഞാൻ ആരാണ്? അതോടൊപ്പം ഓരോ നിമിഷവും ദൈവമുമ്പാകെ ചോദിക്കേണ്ട ഒരു ചോദ്യവും കൂടിയാണ് ഇത്. അവൻ എമിക്കാരാണ്. ഇതിനോട് ചേർന്നുവരുന്ന പ്രസക്തമായ മറ്റൊരു അന്വേഷണം. മറ്റുള്ളവർ ദൈവത്തെപറ്റി എന്താണ് ചിന്തിക്കുന്നത്; പ്രത്യേകിച്ച് ദൈവസ്വരൂപവും സാദൃശ്യവുമായി സൃഷ്ടിക്കപ്പെട്ട എന്നിലൂടെ ക്രിസ്തുവിനെ കാണുമ്പോൾ?

ക്രിസ്തീയ ജീവിതം നിരന്തരമായ അന്വേഷണത്തിന്റെ ജീവിതമാണ്. സങ്കീ. 27:8–ൽ ദൈവമുഖം അന്വേഷിക്കുവാനുള്ള ഓർമ്മപ്പെടുത്തലുകൾ ഉണ്ട്. ആരാധനാ ജീവിതത്തിന്റെ ലക്ഷ്യവും ഇത് തന്നെയാണ്. സത്യാന്വേഷണം എന്നൊക്കെ വിശേഷിക്കപ്പെടുന്നത് ഈ തിരയലിന്റെ മറുപേരാണ്. റോമർ 12:1–ൽ "നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി" എന്ന് ശ്ലീഹാ പറയുന്നതിന്റെ പൊരുൾ സങ്കീർത്തനം 17:2–ൽ നമ്മൾ കാണുന്നുണ്ട്; ദൈവത്തെ അന്വേഷിക്കുന്ന ബുദ്ധിമാൻ എന്നാണ് അവിടെ വായിക്കുന്നത്. അപ്പോൾ ദൈവത്തെ അന്വേഷിക്കുക എന്നതാണ് ആരാധനയുടെ അടിസ്ഥാനതത്വം. അകലങ്ങളിൽ എവിടെയോ ഇരിക്കുന്ന ഒരാളല്ല ദൈവം, മറിച്ച് നിരന്തരമായ ആരാധനാനുഭവത്തിലൂടെ ഞാൻ അറിയേണ്ട സാനിധ്യമാണ് ദൈവം. ഓരോ ആരാധനക്കുമുള്ള ഒരുക്കത്തിൽ സ്വയം ചോദിച്ചു കൊണ്ടേ ഇരിക്കുക.

അലക്സാണ്ടർ ക്ലിമ്മീസ് പിതാവ് പറയുന്നു; we know that God is but not what He is. ദൈവമുണ്ട് എന്നതൊരു അറിവാണ്. എന്നാൽ അവൻ എനിക്കാരാണ് എന്നത് കേവലം അറിവല്ല. അത് ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്ന് ഉരുവായി വരേണ്ട ഒരു ബോധ്യമാണ്. അറിവുകൾ നിരന്തരം വ്യത്യാസപ്പെടാം പുതുക്കപ്പെടാം. എന്നാൽ ബോധ്യമെന്നത് ഉറപ്പു പോകുന്നതാണ്. ഈ ബോധ്യമില്ലായ്മയുടെ പരിണിതഫലമാണ് മത്തായി 16:23–ൽ കാണുന്നത്. ഇവിടെ ക്രിസ്തു പത്രോസിനെ ശകാരിക്കുന്നത് സാത്താൻ എന്തു വിളിച്ചുകൊണ്ടാണ്. നോക്കുക, തൊട്ടുമുമ്പ് 16:17–ൽ ഭാഗ്യവാൻ എന്ന് വിളിച്ച് അവനെ അഭിനന്ദിച്ച ക്രിസ്തു എന്ന്, ശരിയായ രീതിയിൽ തന്നെ അറിയാതെ പോകുന്ന പത്രോസിനെ സാത്താൻ എന്ന് വിളിക്കുന്നു.

ഞാൻ നിനക്ക് ആരാണ് എന്ന് ക്രിസ്തു വചനത്തിന് ശരിയായ മറുപടി നൽകുന്നതും ശുദ്ധീകരണാനുഭവത്തിന്റെ പ്രാഥമിക പഠികളുടെ സൂചനയാണ്.

❑

Church Calendar



Life In Christ – LIC

(*Zindagi ke sath bhi zindagi ke bad bhi*)

Fr Nithin V Rajan

Blessed New Year Wishes!!! I know it is confusing if I say that we are stepping into a new liturgical year of the Church, as for most of us the New Year day is on 1st of January.

Church is not the building we see, built of clay and bricks. Instead it is built with living stones. ***1 Corinthians 3:9-11*** says "For we are co-workers in God's service; you are God's field, God's building. By the grace God has given me, I laid a foundation as a wise builder, and someone else is building on it. But each one should build with care. For no one can lay any foundation other than the one already laid, which is Jesus Christ".

'We are the fellow citizens with God's people and members of His household, built on the foundation of the apostles and prophets, with Christ Jesus as the chief cornerstone. In Him the whole building is joined together and rises to become a holy temple in the Lord.'' ***Ephesians 2:19 - 21***

Church is not static, but dynamic with new souls added to it through baptism and also through renewal and restoration of souls. St John Chrysostom says: 'Church is a Hospital for Sinners and not a museum for saints. "The Church is a hospital, and not a courtroom, for souls. She does not condemn on behalf of sins, but grants remission of sins". By this we understand how each faithful is knit together to form the Church.

'***Koodhosh Eetho'*** Sunday marks the beginning of the Liturgical Year of the Malankara Orthodox Syrian Church. The Sunday that comes on or after October 30th is observed as '*Koodhosh Eetho'* Sunday

The liturgical year of the Church is divided into Seven: -

1. ***Koodhosh Eetho*** (Sanctification of the Church) to ***Yeldho*** (Christmas)
2. ***Yeldho*** to ***Kothine Sunday*** (First Sunday of the Great lent)
3. ***Kothine*** to ***Kymtha*** (Resurrection)
4. ***Kymtha*** to Pentecost
5. Pentecost to Feast of Transfiguration
6. Feast of Transfiguration to ***Sleeba*** (Festival of the Cross)
7. ***Sleeba*** to ***Koodhosh Eetho***

Liturgical year in the life of the Church is the commemoration and reminder of God's love, His creation, His redemptive work, His coming again and so on. "Each liturgical feast renews and in some sense actualizes the event of which it is a symbol; it takes the event out of the past and makes it immediate. The liturgical year is, for us, a special means of union with Christ" -Fr. Lev Gillet. The Holy Scripture readings and songs are arranged in such a manner by the Holy Fathers of the Church to lead us into a meaningful Christ centered spiritual life and for personal meditation. The lectionary throws light to the importance of each day and help the faithful to worship by understanding the signs and symbols.

The Holy Gospel reading for '***Koodhosh Eetho'*** is taken from ***St Mathew 16:13-20.*** In this context we see Jesus was at a place called Caesarea Philippi and Jesus asked his disciples "Who do men say that I am?" They answered, "Some say you are John the Baptist. Some say you are Elijah. Some say you are Jeremiah. Some say you are one of the prophets." Puzzled by the answers Jesus asked them "Who do you say I am?" Simon Peter answered, "You are the Messiah, the Son of the living God."

The scenario is not much different today as to the Question "Who is Christ today"? If we ask the Jewish community, they would say He is one of the prophets. If we ask the Muslim community, they would say "Like all messengers of God in Islam Jesus came to his people with a message and is a Prophet. For Hindus, He is seen as much more like an Avatar.

The very question to ask ourselves is "Who do you say that I am" means to answer to the question "Who Christ is to us?" This answer will help us to evaluate our life.

As when Peter replied "You are the Messiah, the Son of the living God." Peter was saying, "We know who you are. You are the Messiah sent to save us and you are the Son of God from heaven." In short it means to say that "You are the way the way the truth and the Life".

Who is Christ to us?

It would be better to understand who Christ should be to us because this worldly life has carried us off to its vanity and our eyes are blind to the truth.

Life **I**n **C**hrist –**LIC**

LIC is a very famous life insurance company in India and its tag line is Zindagi ke sath bhi zindagi ke bad bhi meaning LIC is always with you 'in life' and 'after life' as well. These lines are very appropriate when we look into our Christian life where for a Christian LIC is life in Christ that is the why St Paul says in ***Philippians 1:21*** "For to me, to live is Christ and to die is gain". Life in Christ is an insurance and assurance as given in the Holy Scripture in ***Deuteronomy 31:6*** "Be strong and courageous; do not be afraid or terrified of them, for it is the LORD your God who goes with you; He will never leave you nor forsake you." Be strong and courageous. Do not be afraid or terrified because of them, for the LORD your God goes with you; he will never leave you nor forsake you."

The closer we get to Christ, we have less tensions, stress, anxiety etc. ***1 Peter 5:7*** says "Cast all your anxiety on him because he cares for you". St Ephrem the Syrian says "O Lord, when I tasted your love, I have found Life. In the prodigal son's life also we see, when he wanted the worldly pleasure and left his father he was lost but when he comes back to his father he has found life."

Let us also take a decision like Joshua "But if serving the LORD seems undesirable to you, then choose for yourselves this day whom you will serve, whether the gods your ancestors served beyond the Euphrates, or the gods of the Amorites, in whose land you are living. But as for me and my household, we will serve the LORD." ***Joshua 24:15***

We too find life when we get closer to God. Life becomes lighter and brighter. We find hope and peace. Let us always say Christ is my everything. He is my desire He is my shepherded both in happiness and sorrow. He gave His life for me so I will live for him even if I have to die for him. May the Holy Spirit enlighten us to confess Christ in all our actions and deeds. Amen

❑



അടുപ്പുട്ടി സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിൽ മാർ ഓസിയോ താപസന്റെ ഓർമപെരുന്നാളിന് പ. കാതോലിക്കാ ബാവാ മുഖ്യ കാർമ്മികത്വം വഹിച്ചു. ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് സഹകാർമ്മികനായിരുന്നു.



പരിശുദ്ധ കാതോലിക്കാ ബാവായ്ക്ക് കുന്നംകുളം ഭദ്രാസന ആസ്ഥാനത്ത് ഉജ്ജ്വല സ്വീകരണം നൽകി

കുന്നംകുളം: പരിശുദ്ധ കാതോലിക്കാ ബാവായ്ക്ക് കുന്നംകുളം ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ ആർത്താറ്റ് അരമനയിൽ വച്ച് സ്വീകരണം നൽകി. കുന്നംകുളം ഭദ്രാസന സഹായ മെത്രാപ്പോലീത്ത ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത, ഭദ്രാസന സെക്രട്ടറി ഫാ. ജോസഫ് ചെറുവത്തൂർ, ഭദ്രാസനത്തിലെ വൈദികർ, ഭദ്രാസന പ്രതിനിധികൾ, അസോസിയേഷൻ അംഗങ്ങൾ എന്നിവർ ചേർന്ന് പരിശുദ്ധ ബാവായെ സ്വീകരിച്ചു.

തുടർന്ന് നടന്ന അനുമോദന സമ്മേളനം ടി. എൻ. പ്രതാപൻ എം.പി ഉദ്ഘാടനം ചെയ്തു. ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് അധ്യക്ഷത വഹിച്ച യോഗത്തിൽ തൃശ്ശൂർ അതിരൂപതതാ ആർച്ച് ബിഷപ്പ് മാർ ആഡ്രൂസ് താഴത്ത് മുഖ്യ സന്ദേശം നൽകി. മലബാർ സ്വതന്ത്ര സുറിയാനി സഭ അധ്യക്ഷൻ സിറിൾ മാർ ബസ്സേലിയോസ് മെത്രാപ്പോലീത്ത, കൽദായ സുറിയാനി സഭയുടെ ഔഗൻ മാർ കുരിയാക്കോസ് മെത്രാപ്പോലീത്ത, സ്വാമി നന്ദാത്മജാനന്ദ, കുന്നംകുളം നഗരസഭാ അദ്ധ്യക്ഷ സീത രവീന്ദ്രൻ, മലങ്കര സഭാ അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, ഫാ. ഡോ. സണ്ണി ചാക്കോ, വാർഡ് കൗൺസിലർ ദിവ്യ വിജീഷ് എന്നിവർ ആശംസകൾ അറിയിച്ചു. ഭദ്രാസന വൈദിക സംഘം സെക്രട്ടറി ഫാ. റ്റി. സി. ജേക്കബ് നന്ദി പ്രകാശനം നടത്തി.



ശ്രീമദ് ധർമ തീർത്ഥർ സ്വാമികൾ ഗ്രീഗോറിയൻ പ്രഭാഷണം നടത്തുന്നു. യൂഹാനോൻ മാർ പോളിക്കാർപ്പോസ് സമീപം.



പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവ പ. മാർത്തോമ്മ ശ്ലീഹായുടെ പാദസ്പർശനമേറ്റ ചരിത്ര പ്രസിദ്ധമായ ആർത്താറ്റ് സെന്റ് മേരീസ് പള്ളിയിൽ.



പ. കാതോലിക്കാ ബാവായ്ക്ക് അടുപ്പുട്ടി സെന്റ് മേരി മഗ്ദലിൻ കോൺവെന്റിൽ സ്വീകരണം നൽകി.



ആർദ്ര ചാരിറ്റബിൾ സൊസൈറ്റിയുടെ കൂട്ടിക്കൽ ദുരിതാശ്വാസ നിധിയിലേക്ക് ഐക്കൺ ചാരിറ്റീസ് നൽകുന്ന ഒരു ലക്ഷം രൂപയുടെ ചെക്ക് ജോർജ് ഏബ്രഹാം പ. കാതോലിക്കാ ബാവായ്ക്ക് കൈമാറുന്നു.



സോപാന അക്കാദമിയിൽ നടന്ന പൗലോസ് മാർ ഗ്രീഗോറിയോസ് അനുസ്മരണ സമ്മേളനത്തിൽ പ. കാതോലിക്കാ ബാവാ പ്രഭാഷണം നടത്തുന്നു.



പരുമല തിരുമേനി നവോത്ഥാന നായകൻ: ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ്

പരുമല: വെളിച്ചം പകർന്ന് സമൂഹത്തിൽ സമഗ്രമായ വികസന പദ്ധതികൾ നടപ്പാക്കിയ നവോത്ഥാന നായകനാണ് പരുമല തിരുമേനി എന്ന് ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത പറഞ്ഞു. സഭയ്ക്കും സമൂഹത്തിനും പരുമല തിരുമേനി പകർന്ന വിമോചന പാരമ്പര്യം ഏറ്റെടുക്കുവാൻ വിശ്വാസികൾക്ക് കഴിയണമെന്നും അദ്ദേഹം പറഞ്ഞു. ഗ്രിഗോറിയൻ പ്രഭാഷണ പരമ്പരയിൽ അദ്ധ്യക്ഷപ്രസംഗം നടത്തുകയായിരുന്നു.

ജാതിഘടനയും ആചാരവും സൃഷ്ടിച്ച ജീർണ്ണതയെ അതിജീവിച്ച് സമൂഹത്തിലെ ദുർബലവിഭാഗങ്ങളെ ചേർത്തുപിടിക്കുവാൻ പരുമല തിരുമേനിക്ക് കഴിഞ്ഞു എന്ന് സാമൂഹിക ചരിത്രകാരൻ ഡോ.വിനിൽ പോൾ പറഞ്ഞു. ജാതിഭേദമെന്യേ എല്ലാ മനുഷ്യരുടെയും അന്തസ്സ് ഉയർത്തുന്നതിനും അംഗീകരിക്കുന്നതിനും പരുമലതിരുമേനി നടത്തിയ പ്രഭാഷണങ്ങളും പരിശ്രമങ്ങളും കേരളചരിത്രത്തിലെ സുവർണരേഖയാണെന്നും അദ്ദേഹം പറഞ്ഞു.

പരുമല സെമിനാരി മാനേജർ ഫാ. എം. സി. കുര്യാക്കോസ്, അസി. മാനേജർ ഫാ. വൈ. മത്തായിക്കുട്ടി, ഫാ. മാത്യു വർഗ്ഗീസ് പുളിമൂട്ടിൽ, ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ എന്നിവർ പ്രസംഗിച്ചു.



പരുമല പെരുന്നാളിനോട് അനുബന്ധിച്ച് നടന്ന പരിസ്ഥിതി സമ്മേളനം കുര്യാക്കോസ് മാർ ക്ലിമ്മീസ് ഉദ്ഘാടനം ചെയ്യുന്നു. ഫാ. കോശി ജോൺ കലയപുരം, ഡോ. മാത്യു കോശി പുന്നയ്ക്കാട്, ഡോ. ജോസഫ് മാർ ദിവന്നാസിയോസ്, ഫാ. എം.സി.കുര്യാക്കോസ്, കെവിൻ ടോം റെജി എന്നിവർ സമീപം.

ഹരിത ചട്ടങ്ങൾ രൂപീകരിച്ച് പരിസ്ഥിതി പ്രതിസന്ധി മാറ്റണം: ഡോ. മാത്യു കോശി

പരുമല ● പരിസ്ഥിതി പ്രശ്നം ആത്മീയ പ്രശ്നമായി കണ്ട് സഭകൾ രംഗത്തുവരണമെന്ന് പരിസ്ഥിതി ഗവേഷകൻ ഡോ. മാത്യു കോശി പുന്നയ്ക്കാട്. പരിശുദ്ധ പരുമല തിരുമേനിയുടെ 119-ാം ഓർമപ്പെരുന്നാളിനോട് അനുബന്ധിച്ച് നടന്ന പരിസ്ഥിതി സമ്മേളനത്തിൽ

പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. സഭകളും സമുദായങ്ങളും ഹരിത ചട്ടങ്ങൾക്ക് രൂപം നൽകി പരിസ്ഥിതി പ്രതിസന്ധി പരിഹരിക്കാൻ പ്രാദേശിക തലത്തിൽ ശ്രമിക്കണമെന്നും അദ്ദേഹം പറഞ്ഞു.

മലങ്കര ഓർത്തഡോക്സ് സഭ പരിസ്ഥിതി കമ്മിഷൻ അധ്യക്ഷൻ കുര്യാക്കോസ് മാർ ക്ലിമ്മീസ് സമ്മേളനം ഉദ്ഘാടനം ചെയ്തു.

ഭൂമിയോടു നീതി പുലർത്താത്ത വികസനം ജീവന്റെ നിലനിൽപ് അപകടകരമാക്കുമെന്നും പരിസ്ഥിതിയെ സംരക്ഷിക്കാനുള്ള ദൗത്യം സഭകൾക്കുണ്ടെന്നും അദ്ദേഹം പറഞ്ഞു. നദികളും ജലാശയങ്ങളും ഇനി എത്രനാൾ എന്ന ചോദ്യം അവശേഷിക്കുകയാണെന്നും മാർ ക്ലിമ്മീസ് പറഞ്ഞു.

വൈസ് പ്രസിഡന്റ് ഡോ.ജോസഫ് മാർ ദിവന്നാസിയോസ് അധ്യക്ഷത വഹിച്ചു. കേന്ദ്ര ജനറൽ സെക്രട്ടറി ഫാ.കോശി ജോൺ കലയപുരം, പരുമല സെമിനാരി മാനേജർ ഫാ. എം. സി.കുര്യാക്കോസ് എന്നിവർ പ്രസംഗിച്ചു.

"പ്രാർത്ഥന എന്നത് ശൈശവത്തിലെ ഉത്സാഹവും യൗവ്വനത്തിലെ ആശ്രയവും വാർദ്ധക്യത്തിലെ സമാധാനവുമാകുന്നു. ജനങ്ങളുടെയിടയിൽ സത്യം, സന്മാർഗ്ഗാചരണം, വിശ്വാസം, ഭക്തി, പരസ്പര ബഹുമാനം ഇവയെ വളർത്താൽ വിദ്യാഭ്യാസത്തിനെ സഹായിക്കുന്നതത്രെ പ്രാർത്ഥന."

– പ. പരുമല തിരുമേനി



പരിശുദ്ധ കാതോലിക്കാ ബാവായ്ക്ക് കൊച്ചി ഭദ്രാസന ആസ്ഥാനമായ കൊരട്ടി അരമനയിൽ സ്വീകരണം നൽകിയപ്പോൾ.



പരുമല പെരുനാളിനോടനുബന്ധിച്ച് ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ പരുമല അഴിപ്പുരയിൽ നടക്കുന്ന 144 മണിക്കൂർ അഖണ്ഡപ്രാർത്ഥന ആരംഭിച്ചു.



മയക്കുമരുന്നും ജിഹാദും തമ്മിൽ ചേർക്കരുത്: മാർ യൂലിയോസ്

മലപ്പുറം: മതവും ഭീകരതയും തമ്മിൽ ചേർത്തിപറയാൻ പാടില്ലാത്തത് പോലെ മയക്കുമരുന്നും ജിഹാദും തമ്മിൽ ചേർത്തിപറയരുതെന്ന് ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രപോലിത്ത. നൻമക്കു വേണ്ടിയുള്ള ഉദ്യമമാണ് ജിഹാദ്. അതൊരു വിശുദ്ധ പദമാണ്. ജിഹാദിൽ മതമൗലികതയാണുള്ളത്, ഭീകരതയല്ല; മെത്രപോലിത്ത വ്യക്തമാക്കി. സമസ്ത കേരള ജംഇയ്യതുൽ ഉലമ സംസ്ഥാന വ്യാപകമായി 'ജിഹാദ്: വിമർശനവും യാഥാർത്ഥ്യവും' എന്ന പ്രമേയത്തെ അടിസ്ഥാനമാക്കി സംഘടിപ്പിക്കുന്ന ത്രൈമാസ ബോധനയത്നം' പരിപാടിയിൽ മുഖ്യാതിഥിയായി സംസാരിക്കവേയാണ് മെത്രാപോലിത്ത ഇത് പറഞ്ഞത്. 'ഇസ്ലാമും ക്രൈസ്തവതയും വർഷങ്ങളുടെ ബന്ധമുള്ള മതങ്ങളാണ്. മതങ്ങൾ വിഭാഗീയത ഉണ്ടാക്കാനല്ല, പരസ്പരം ഐക്യം ഉണ്ടാക്കാനാണ് ആഹ്വാനം ചെയ്തിട്ടുള്ളത് മെത്രപോലിത്ത വിശദീകരിച്ചു.



സമ്മാനദാനം നടത്തി

കുന്നംകുളം: കുന്നംകുളം ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ സമ്മാനദാനം നടത്തി. വിവിധ കോഴ്സുകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ യോഗത്തിൽ വെച്ച് പുരസ്കാരം നൽകി ആദരിച്ചു. ഡോ. ഗീവർഗ്ഗസ് മാർ യൂലിയോസ് അധ്യക്ഷനായി. ഭദ്രാസന സെക്രട്ടറി ഫാ. ജോസഫ് ചെറുവത്തൂർ, വന്ദ്യ വൈദികർ, സഭാ മാനേജിംഗ് കമ്മറ്റി അംഗങ്ങൾ, ഭദ്രാസന കൗൺസിൽ അംഗങ്ങൾ, ഭദ്രാസന പ്രതിപുരുഷൻമാർ തുടങ്ങിയവർ യോഗത്തിൽ സംബന്ധിച്ചു.

ഫാ.സക്കറിയ പൗരോഹിത്യ സുവർണ ജൂബിലി നിറവിൽ

കറുകച്ചാൽ • മലങ്കര ഓർത്തഡോക്സ് സഭ കോട്ടയം ഭദ്രാസനത്തിലെ സീനിയർ വൈദികൻ ഫാ. പി.കെ.സക്കറിയ പെരിയോർ മറ്റത്തിൽ പൗരോഹിത്യ സുവർണ ജുബിലി നിറവിൽ. ജൂബിലിയോടനുബന്ധിച്ച് 31ന് കാനം ചേറ്റേടം സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ ഡോ.യുഹാനോൻ മോർ ദിയസ്കോറസ് മെത്രാപ്പൊലീത്ത വിശുദ്ധ കുർബാന അർപ്പിക്കും. തുടർന്ന് കോട്ടയം ഭദ്രാസന സെക്രട്ടറി ഫാ.പി.കെ.കുറിയാക്കോസ് പണ്ടാരക്കുന്നേലിന്റെ അധ്യക്ഷതയിൽ അനുമോദന സമ്മേളനം നടക്കും. റവ. ഡോ.കെ.എം.ജോർജ് അനുഗ്രഹ പ്രഭാഷണം നടത്തും.



ഫാ.പി.കെ. സക്കറിയ പെരിയോർ മറ്റത്തിൽ.

മാർ ഔഗേൻ പാലിയേറ്റിവ് കെയർ

പിറവം: മാർ ഔഗേൻ പാലിയേറ്റിവ് കെയറിന് പിറവം പള്ളിയിൽ പരിശുദ്ധ പിതാവ് ഉത്ഘാടനം ചെയ്തു.

പിറവം സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ചതാണ് മാർ ഔഗേൻ പാലിയേറ്റിവ് കെയർ.

നിർദ്ധനരായ രോഗികൾക്ക് തികച്ചും അവശ്യമുള്ള ഉപകരണങ്ങൾ സൗജന്യമായി ഉപയോഗിക്കാം. ഉപയോഗശേഷം ദേവാലയത്തിൽ തിരിച്ചു ഏൽപ്പിക്കണം

മലങ്കര വറുഗീസ് വധക്കേസ് 19 വർഷത്തിനു ശേഷം വിചാരണ ആരംഭിക്കുന്നു

കൊച്ചി: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ മാനേജിംഗ് കമ്മറ്റി അംഗവും സാമൂഹിക പ്രവർത്തകനുമായിരുന്ന തോമ്പ്രയിൽ റ്റി. എം. വറുഗീസ് (മലങ്കര വർഗീസ്) വധക്കേസിന്റെ അന്വേഷണ റിപ്പോർട്ട് 2012 ലാണ് സി.ബി.ഐ സമർപ്പിച്ചത്. 4 മാസത്തോളം നീണ്ടു നിൽക്കുന്ന വിചാരണയുടെ തീയതി നിശ്ചയിച്ച് കോടതി ഉത്തരവായി 2021 നവംബർ 26-ന് വിചാരണ ആരംഭിക്കും.



ജോർജിയായിൽ ഓർത്തഡോക്സ് മെഡിക്കൽ വിദ്യാർത്ഥി സംഗമം


ജോർജിയ: മലങ്കര ഓർത്തഡോക്സ് സഭയുടെ ജോർജിയ മാർ ഏലിയ ഇന്ത്യൻ ഓർത്തഡോക്ൾസ് കോൺഗ്രിഗേഷന്റെ ആഭിമുഖ്യത്തിൽ ടിബിലിസിയിൽ ഓർത്തഡോക്സ് മെഡിക്കൽ വിദ്യാർത്ഥി സംഗമം നടന്നു.

ഷാർജ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്ൾസ് ഇടവക വികാരി ഫിലിപ്പ് എം. സാമുവേൽ കോർഎപ്പിസ്കോപ്പ വിശുദ്ധ കുർബാന അർപ്പിക്കുകയും അനുമോദന സമ്മേളനം ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. കോഓർഡിനേറ്റർ അലൻ രാജൻ എബ്രഹാം നവാഭിഷിക്തനായ പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിക്കു അനുമോദനങ്ങൾ നേർന്നുകൊണ്ട് ഭക്തി പ്രമേയം അവതരിപ്പിച്ചു. മലങ്കര അസോസിയേഷൻ അംഗം രാജൻ തങ്കച്ചൻ, എംജിസിഎസ്എം യു.എ.ഇ. സോണൽ മുൻ ട്രഷറർ അലക്സ് വർഗീസ്, അർമേനിയൻ ഓർത്തഡോക്ൾസ് ചർച്ചു ഡീക്കൻ അർത്താക് അന്തോണിയൻ, അനു വർഗീസ്, ജുബെൽ ജോബ്, ഐറിൻ സാറ പോൾ എന്നിവർ പ്രസംഗിച്ചു.

ഇപ്പോൾ യു.എ.ഇ , ഓമാൻ , ബഹറിൻ, കുവൈറ്റ്, സൗദി, ആസ്ട്രേലിയ, കേരളത്തിലെ വിവിധ ജില്ലകളിൽനിന്നുമായി അമ്പതിലധികം ഓർത്തഡോക്സ് സഭാഗംങ്ങൾ ആയ വിദ്യാർത്ഥികൾ മെഡിക്കൽ രംഗത്ത് വിവിധ യൂണിവേഴ്സിറ്റികളിലായി പഠിക്കുന്നു.

ടിബിലിസിയിലുള്ള സെന്റ് ജോർജ് അർമേനിയൻ ഓർത്തഡോക്സ് ദേവാലയത്തിൽ കഴിഞ്ഞ രണ്ടു വർഷമായി വിവിധ സന്ദർഭങ്ങളിൽ യു.എ.ഇ. യിൽ നീന്നും വൈദികർ എത്തി വിശുദ്ധ കുർബാനയ്ക്ക് നേതൃത്വം നൽകുന്നു.

യുകെ യൂറോപ്പ് ഭദ്രാസനത്തിൽ മാർ ഏലിയാ ഇന്ത്യൻ ഓർത്തഡോക്സ് കോൺഗ്രിഗേഷൻ ആയി പ്രവർത്തിച്ചു വരുന്നു. Contact No. Alan Rajan Abraham +995599901023



കോടനാട് മാർ മൽക്കേ ഓർത്തഡോക്സ് പള്ളി വികാരി, സീയോൻ ആശ്രമ ചാപ്പൽ വികാരി, സീയോൻ ആശ്രമ മാനേജർ, മാർ ബസേലിയോസ് ഔഗേൻ സ്കൂൾ റെസിഡന്റ് മാനേജർ എന്നീ ചുമതലകളിലേക്ക് നിയമിതനായ അഡ്വ. തോമസ് പോൾ റമ്പാൻ.



കരുതലും സ്നേഹവും നീതിയും പങ്കിടുവാൻ വിശ്വാസികൾക്കു കഴിയണം: ഡോ. തോമസ് മാർ അത്താനാസിയോസ്

പരുമല: ക്രിസ്തുസാന്നിധ്യം യാഥാർത്ഥ്യമാക്കി കരുതലും സ്നേഹവും നീതിയും പങ്കിടുവാൻ വിശ്വാസികൾക്കു കഴിയണമെന്ന് ഡോ.തോമസ് മാർ അത്താനാസിയോസ് പറഞ്ഞു.

സാഹോദര്യവും സ്നേഹവും ഉൾക്കൊള്ളുന്ന ജീവിതാനുഭവങ്ങൾ ഇടവകളിൽ രൂപപ്പെടുത്തുവാൻ പ്രാർത്ഥനാ യോഗങ്ങളുടെ പങ്ക് നിസ്തുലമാണെന്നു അദ്ദേഹം പറഞ്ഞു.

പരിശുദ്ധ പരുമല തിരുമേനിയുടെ 119-ാം ഓർമ്മപ്പെരുനാളിനോടനുബന്ധിച്ച് അഖില മലങ്കര പ്രാർത്ഥനായോഗത്തിന്റെ നേതൃത്വത്തിൽ പരുമലയിൽ ഉപവാസധ്യാനവും മദ്ധ്യസ്ഥപ്രാർത്ഥനയും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പ്രാർത്ഥനായോഗം പ്രസിഡന്റ് ഏബ്രഹാം മാർ എപ്പിഫാനിയോസ് അദ്ധ്യക്ഷത വഹിച്ചു. ഡോ. ജോസഫ് മാർ ദിവന്നാസ്യോസ് ധ്യാനം നയിച്ചു. ഫാ.ജോൺ വർഗീസ് കൂടാരത്തിൽ, ഫാ. കെ. വി. പോൾ, ഫാ. എബി ഫിലിപ്പ്, ജി. സനാജി ചേപ്പാട്, ഐസക് തോമസ് കോഴഞ്ചേരി എന്നിവർ പ്രസംഗിച്ചു.



ഡോ. സഖറിയാസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്ത തയ്യാറാക്കിയ ആരാധന, നോമ്പ്, പെരുന്നാളുകൾ, ശുശ്രൂഷകൾ, സംസ്കാരം, കൂദാശകൾ എന്നിവയെപ്പറ്റി ചോദ്യോത്തര രീതിയിൽ സമഗ്രമായി പ്രതിപാദിക്കുന്ന സഭാജീവിത പഠനസഹായി എന്ന ഗ്രന്ഥം എം.ഒ.സി. പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ചു. മാർ തെയോഫിലോസിന്റെ നാലാം ഓർമ്മപെരുന്നാളിൽ തടാകം ക്രിസ്തുശിഷ്യ ആശ്രമത്തിൽ വെച്ച് ഗീവർഗീസ് മാർ കൂറിലോസ്, ഡോ. എബ്രഹാം മാർ സെറാഫിമിന് നൽകി പുസ്തകം പ്രകാശനം ചെയ്തു.



പരിശുദ്ധ ചേപ്പാട് ഫിലിപ്പോസ് മാർ ദീവന്നാസിയോസ് തിരുമേനിയുടെ കബറിടം സന്ദർശിച്ച പ. കാതോലിക്കാ ബാവായ്ക്ക് ചേപ്പാട് വലിയപള്ളി നൽകിയ സ്വീകരണം.



കേരള ആരോഗ്യ സർവ്വകലാശാല സെനറ്റ് അംഗമായി തെരഞ്ഞെടുക്കപ്പെട്ട പത്തനംതിട്ട കൈപ്പള്ളിൽ കോളാകോട്ട് ഡോ. റോബിൻ ജെ. തോംസൺ (പ്രിൻസിപ്പാൾ, മന്നം ആയുർവേദ കോളേജ്, പന്തളം).

മലങ്കര ഓർത്തഡോക്ൾസ് സഭ മാനേജിങ്ങ് കമ്മിറ്റി അംഗം തോമസ് ജോൺ കോർ എപ്പിസ്കോപ്പയുടെയും പ്രൊഫ. അന്നമ്മ ജോൺസന്റെയും (ചരിത്ര വിഭാഗം മുൻ അദ്ധ്യാപിക, കാതോലിക്കേറ്റ് കോളജ്, പത്തനംതിട്ട) മകൻ. സഹധർമ്മിണി ഡോ. ഷീജാ എ. കുര്യൻ. മക്കൾ: സ്നേഹ, ഗ്രിഗറി.



കേരള യൂണിവേഴ്സിറ്റി 2019-2021 വർഷം എം.എസ്.സി. കെമിസ്ട്രി ഒന്നാം റാങ്ക് രേഷ്മ എലിസബത്ത് കരസ്ഥമാക്കി.

കൊല്ലം ഭദ്രാസനത്തിലെ പോരുവഴി മാർ ബസേലിയോസ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമാണ്.



കേരള യൂണിവേഴ്സിറ്റിയുടെ അപ്ലൈഡ് സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് അനലിറ്റിക്സ് ബിരുദാനന്തര ബിരുദ പരീക്ഷയിൽ നാലാം റാങ്ക് അബേന സജു കരസ്ഥമാക്കി. കല്ലട സെന്റ് മേരീസ് ഓർത്തഡോക ്സ് വലിയ പള്ളി ഇടവകാംഗമാണ്.